Registered No. M-4485

Madras War Review, Malayalam—27-10-1944

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1944 ഒക്ടോബർ 27-ാംനു, വെള്ളിയാഴ്ച [ലക്കം 8



## വാഗ്ദത്തം നിറവേററി

★

" ഞാൻ തിരിച്ചെത്തിയിരിക്കുന്നു. ഞങ്ങളുടെ സേനകൾ വീണ്ടും ഫിലിപ്പെയിൻ മണ്ണിൽത്തന്നെ നിലകൊള്ളുന്നു.

ഞങ്ങൾ ഇങ്ങോട്ടു വന്നിട്ടുള്ളതു് നിങ്ങളുടെ നിത്യജീവിതത്തിന്മേൽ ശത്രു ചെലുത്തുന്ന നിയന്ത്രണത്തെ മുഴുവനും നശിപ്പിക്കുന്നതിന്നും, നിങ്ങളുടെ സ്വാതന്ത്ര്യത്തെ വീണ്ടെടുക്കുന്നതിനുമായിട്ടാണു്.

എന്നോടൊപ്പം ചേരുക. ബാററനിലും കൊറിഡോഗറിലുംവെച്ചു് നമ്മുടെ സേനകൾ പണ്ടു കാണിച്ച ആ മനോധൈര്യം നമുക്കു് മുന്നോട്ടു മാർഗ്ഗദർശനം ചെയ്യട്ടെ. "

—1944 ഒക്ടോബർ 20-ാംനു ജനറൽ മക്ആർതർ ഫിലിപ്പൈൻ നിവാസികളോടു ചെയ്ത ഒരു വിളംബരത്തിൽനിന്നു്

വിഷയവിവരം



| | ഭാഗം | | ഭാഗം |
|---|---|---|---|
| വാഗ്ദത്തം നിറവേററി .. .. .. | 1 | പടയാളി (പദ്യം) .. .. .. | 6 |
| ജപ്പാനെ ഒരു നല്ല പാഠം പഠിപ്പിയ്ക്കും .. | 2 | യുദ്ധം കഴിഞ്ഞാൽ .. .. .. | 8, 9 |
| ഫിലിപ്പൈൻ ആക്രമണം.. .. .. | 3 | പങ്കവമ്മാമന്റെ പാരമ്പര്യം (ചെറുകഥ) .. | 10-12 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 4, 5 | | |



# "ജപ്പാനെ ഒരു നല്ല പാഠം പഠിപ്പിയ്ക്കും"

"ഫിലിപ്പൈൻ ദ്വീപു സമൂഹത്തിലെ ലെയ്റററ് ദ്വീപിൽ ഇന്നു പ്രഭാതത്തിൽ അമേരിക്കൻ ഭടന്മാർ ഇറങ്ങി. പസഫിക്കിലെ നാവിക സേനയുടെയും വ്യോമസേനയുടേയും കേന്ദ്രീകൃതമായ ശക്തി ജനറൽ മക്ആർതറുടെ നേതൃത്വത്തിലുള്ള ആക്രമണപ്പടയെ സഹായിച്ചു കൊണ്ടിരിക്കുന്നു.



## തിരിച്ചുവരുമെന്നു വാഗ്ദത്തം ചെയ്തു; ഇപ്പോൾ തിരിച്ചുവരികയും ചെയ്തു.

രണ്ടു വർഷം മുമ്പു നാം ചെയ്ത വാഗ്ദത്തം നിറവേററുന്നതിന്നാണ് ഇപ്പോൾ ഫിലിപ്പൈൻ ദ്വീപിൽ ഇറങ്ങിയിരിക്കുന്നത്. അന്ന് അഞ്ചു മാസം ഇരുപത്തിയഞ്ചു ദിവസത്തെ കഠിനമായ പ്രതിരോധത്തിന്നുശേഷം, അവസാനം ശേഷിച്ച അമേരിക്കൻ ഭടന്മാർ അവിടെവെച്ചു ശത്രുവിന്നു കീഴടങ്ങുകയാണുണ്ടായത്. നാം മടങ്ങിച്ചെല്ലുമെന്നു പറഞ്ഞു. അതേപ്രകാരം ഇപ്പോൾ ചെല്ലുകയും ചെയ്തു. ബററാനിലും കൊറിഡോഗറിലും ജനങ്ങൾ പ്രദർശിപ്പിച്ച ധീരത നാം വിസ്മരിച്ചിട്ടില്ല. ഫിലിപ്പൈൻ ജനതയുടെ സ്വാതന്ത്ര്യം പുനഃസ്ഥാപിച്ചു സംരക്ഷിക്കപ്പെടുമെന്ന് നാം വാഗ്ദാനം നൽകിയിട്ടുണ്ട്. ആ വാഗ്ദാനത്തേയും നാം ഇപ്പോൾ നിറവേററുവാൻ പോകയാണ്.

ഫിലിപ്പൈനിൽ തിരിച്ചു ചെല്ലുന്നതിന്നു നമുക്കു വളരെ സന്തോഷമുണ്ട്. എന്നാൽ നാം അവിടെനിന്നും മുന്നോട്ടു കുതിച്ചു കയറുമെന്നാണ് ഉദ്ദേശിക്കുന്നത്. ജപ്പാനിലേക്കുള്ള വഴിയിലെ ഒരു സ്റ്റേഷൻമാത്രമാണ് ലെയിററ്. ഇതു ഫോർമോസയിൽനിന്നു 700 മൈൽ ദൂരത്തും ചൈനയിൽനിന്നു 850 മൈൽ ദൂരത്തും സ്ഥിതി ചെയ്യുന്നു. ജാപ്പ് സമരപ്രഭുവിന്റെ പ്രാണരക്ഷാമാർഗ്ഗത്തിന്റെ ഇരുവശങ്ങളിലും നാമെത്തിച്ചേർന്നു. അവരുടെ പ്രാണരക്ഷാമാർഗ്ഗത്തെ തകർക്കുവാൻ ആരംഭിച്ചു കഴിഞ്ഞു. നീചമായ ആക്രമണം നിമിത്തം അവർ കൈവശപ്പെടുത്തിയ സ്ഥലങ്ങളും, അവരുടെ മാതൃഭൂമിയും തമ്മിലുള്ള ബന്ധം നാം വേർപെടുത്തിത്തുടങ്ങി. പുതിയ പുതിയ യുദ്ധസങ്കേതങ്ങളിൽനിന്നു നമ്മുടെ ആക്രമണത്തെ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതാണ്.

## ജാപ്പ്സൈന്യതന്ത്രമാകുന്ന കാളസർപ്പത്തെ കുടുക്കിലകപ്പെടുത്തും

ജപ്പാനെ സംബന്ധിച്ചു നാം ഒരു പാഠം പഠിച്ചുകഴിഞ്ഞു. നാം ജാപ്പാനോടു സംസ്കാരസമ്പന്നനായ ഒരയൽ രാജ്യത്തോടു പെരുമാറേണ്ടവിധം പെരുമാറി. എന്നാൽ അവർ നമ്മെ വഞ്ചിച്ചു. ഈ പാഠത്തിന്റെ അനുഭവം ഭയങ്കരമായിരുന്നു. ഇപ്പോൾ, ജപ്പാനെ ഒരു പാഠം പഠിപ്പിക്കുവാൻ നാം പോകുകയാണ്. ഈ പാഠം അവർ മറക്കുകയില്ലതന്നെ.

അടിമത്തത്തിൽ അമർന്നു കിടക്കുന്നവരെ നാം സ്വതന്ത്രരാക്കും. ശരിയായ അവകാശിയെ അധികാരിയാക്കും. ജാപ്പസൈന്യതന്ത്രമാകുന്ന കാളസർപ്പത്തെ നാം കുടുക്കിലകപ്പെടുത്തും."

[പ്രസിഡണ്ട് റൂസ്‌വെൽട്ട് 1944 ഒക്ടോബർ 20-ാം തിയ്യതി ചെയ്ത ഒരു പ്രസ്താവനയിൽനിന്നു.]

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ഒക്ടോബർ 27-ാംനു, വെള്ളിയാഴ്ച

## ഫിലിപ്പൈൻ ആക്രമണം

എല്ലാ സഖ്യരാഷ്ട്രങ്ങളും, പ്രത്യേകിച്ചും ഫിലിപ്പൈനിലെ ജനങ്ങൾ വളരെയധികം സന്തോഷത്തോടും സമാശ്വാസത്തോടും കൂടിയാണ് ജനറൽ മക്ആർതർ വീണ്ടും ഫിലിപ്പൈനിൽ തിരിച്ചെത്തിയ വർത്തമാനം അറിയുന്നതു്. ഫിലിപ്പൈൻകാരോടുള്ള അദ്ദേഹത്തിന്റെ ആവേശകരമായ ആഹ്വാനം എല്ലാവരും കേട്ടിരിയ്ക്കും. ബി.ബി.സി. വഴിയായി അതു പ്രക്ഷേപണം ചെയ്യപ്പെട്ടിരുന്നു.

ലെയിററ് ദ്വീപിൽ ഒക്ടോബർ 21-ാം തിയ്യതിയാണ് സഖ്യസേനകൾ ഇറങ്ങിയതു്—ഇന്ത്യയിലും ബ്രിട്ടനിലും 'നേവിദിനം' ആഘോഷിച്ചതിന്നു തലേദിവസം. ഇതു കുറിക്കുന്നതെന്താണ്? സഖ്യസേനകൾക്കു ഇന്നു കരയിലും കടലിലും ആകാശത്തിലും എത്രമാത്രം ശക്തി വർദ്ധിച്ചിട്ടുണ്ടെന്നും അവരുടെ യുദ്ധതന്ത്രം വളരെയധികം വൈദഗ്ദ്ധ്യം നിറഞ്ഞതാണെന്നും തന്നെ. ക്യൂബെക്കിലും, മോസ്ക്കോവിലും വെച്ചുണ്ടായ സമ്മേളനങ്ങൾ വെറുതെയായിരുന്നില്ല. ലോകത്തിന്നു എത്രമാത്രം കടപ്പാടാണ് ആ ജനകീയ നേതാക്കന്മാരോടു്—റൂസ്‌വെൽട്ടിനോടും ചർച്ചിലിനോടും—ഉള്ളതെന്നു ഭാവിതന്നെ കണക്കാക്കുന്നതാണ്. എന്തായാലും ഒന്നു വ്യക്തമായി, ജപ്പാന്നു എതിരായ പ്രഹരങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ജപ്പാൻ നീചവും നിന്ദ്യവുമായ ആക്രമണങ്ങളാൽ കൈവശപ്പെടുത്തിയ സാമ്രാജ്യം അടർന്നുവീഴാനുള്ള സമയവും സമാഗതമായി.

### സമയം പാഴാക്കിയിട്ടില്ല

ക്യൂബെക് സമ്മേളനം കഴിഞ്ഞതു് ഒരു മാസം മുമ്പുമാത്രമാണ്. പക്ഷെ അവിടെവെച്ചു തീരുമാനിച്ച സംഗതികൾ ഒന്നൊന്നായി ഉടൻതന്നെ പ്രവൃത്തിരൂപത്തിൽ കൊണ്ടുവന്നുതുടങ്ങി. ലോകത്തെ ദുഷ്പ്രഭുത്വത്തിൽനിന്നും, അടിമത്വത്തിൽനിന്നും വിമോചിപ്പിക്കുന്ന കാര്യത്തിൽ സഖ്യസേനകൾക്കുള്ള ശുഷ്കാന്തിയുടേയും ആത്മാർത്ഥമായ അഭിപ്രായത്തിന്റേയും തെളിവുകളാണിവ. യുദ്ധം ആവുന്നത്രവേഗം അവസാനിപ്പിക്കേണ്ടതു് ആവശ്യവും ആശ്വാസകരവുമായ ഒരു കാര്യമാണ്.

ഇപ്പോഴെങ്കിലും സംശയാലുക്കൾ ഈ വാസ്തവം മനസ്സിലാക്കട്ടെ. ജപ്പാൻകാർ വളരെ കിണഞ്ഞു ചെറുക്കമായിരിക്കും. സഖ്യസേനകൾ പിടി മുറുക്കുന്നതോടുകൂടി ജർമ്മനി ഇന്നു ചെയ്യുന്നമാതിരി ജപ്പാനും മുഴുവൻശക്തിയും ഉപയോഗിച്ചു പൊരുതും; എന്നുതന്നെയാലും ജപ്പാന്നു പരാജയപ്പെടുകയല്ലാതെ യാതൊരു വഴിയുമില്ല എന്നതു തീർച്ചയാണ്.

ജപ്പാൻകാർ അവരുടെ സ്വന്തരാജ്യത്തെ വളരെയധികം ബലപ്പെടുത്തിയിട്ടുണ്ടു്. അവിടെ അവർ കരുത്തോടെ യുദ്ധം ചെയ്യും. ഫിലിപ്പൈൻദ്വീപുകളും നീതർലണ്ട് ഈസ്റ്റ് ഇൻഡീസും നഷ്ടമായാൽതന്നെ ജപ്പാന്റെ സാമ്പത്തികസ്ഥിതി തകർന്നുപോവുമെന്നു വിചാരിയ്ക്കാൻ വയ്യ. എങ്കിലും, ജപ്പാന്റെ തോൽവിയെക്കുറിച്ചു രണ്ടഭിപ്രായം വേണ്ട തന്നെ—ദൃഢനിശ്ചയത്തോടെ സഖ്യസൈന്യശക്തികൾ നിലകൊള്ളുന്നതു അതിന്നാണല്ലോ.

ജപ്പാന്റെ വിചാരം ഇതായിരുന്നു: അവർ സമുദ്രത്തിൽ വളരെ വിദൂരതയിൽ കിടക്കുന്ന ഒരു നാട്ടുകാരാണ്. അതുകൊണ്ടു അത്രവേഗം ആർക്കും ജപ്പാനെ പിടി കിട്ടുകയില്ല. ഈ ഒരു അബദ്ധം നിറഞ്ഞ അഭിപ്രായത്തെ ആസ്പദിച്ചാണ് അവരുടെ അക്രമങ്ങൾ ഉണ്ടായിട്ടുള്ളതു. പക്ഷെ അതൊക്കെ ഇന്നു തനി വിഡ്ഢികളുടെ വിചാരമായി. ശരിയാണ്, ശാന്തസമുദ്രം വളരെ വിസ്തൃതമായ ഒന്നാണ്. പക്ഷെ സഖ്യസേനകൾ വളരെ മർമ്മസ്ഥലങ്ങളായ ദ്വീപുകൾ കൈവശപ്പെടുത്തിയിരിക്കുന്നവെന്നും ഓർമ്മിക്കേണ്ടിയിരിക്കുന്നു. ആദ്യകാലത്തു, ചതിപ്രയോഗം കൊണ്ടും 'ഇരുട്ടടി' നിമിത്തവും ജപ്പാന്നു കുറച്ചു മേൽക്കിടവന്നു, ഓരോരോ ദ്വീപുകളും അവർ കൈവശപ്പെടുത്തി; മേലിൽ അതു സാദ്ധ്യമല്ല. പകൽവെളിച്ചത്തിൽ 'ഇരുട്ടടി'സൂത്രം പററുകയില്ല. സ്വരാജ്യത്തുനിന്നു 12,000 നാഴികയോളം സഞ്ചരിച്ചുവന്ന അമേരിക്കയുടെയും ബ്രിട്ടന്റെയും കടൽസേനയെ നിരോധിക്കുന്നതിന്നു ജപ്പാന്നു സാധിച്ചില്ല. ജപ്പാനിലെ യുദ്ധപ്രമാണികൾ ഐക്യരാഷ്ട്രങ്ങൾക്കുള്ള പിൻബലം എത്രമാത്രമാണെന്നു അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. പ്രസിഡൻറ് ഓസ്മനെയും അദ്ദേഹത്തിന്റെ മന്ത്രിമാരുംകൂടി ലെയിററ് ദ്വീപിൽ ഇറങ്ങിയ ആക്രമണപ്പടയോടൊപ്പം വന്നിട്ടുണ്ടു്. ഇതു ജപ്പാന്നു വിഷാദം ഉണ്ടാക്കുന്ന ഒരു വസ്തുതയാണ്. അതായതു, ആ ദ്വീപിലെ ജനങ്ങൾ തങ്ങൾ തിരഞ്ഞെടുത്ത പ്രസിഡൻറിന്റെ വരവിൽ വളരെയധികം ആഹ്ലാദിക്കും. ഈ ആഹ്ലാദത്തിന്റെ ഫലം ജനങ്ങൾ ശത്രുവിനെ കൂടുതൽ ഉശിരോടെയും വാശിയോടെയും എതൃക്കുമെന്നതാണ്. മററൊന്നു, ഫിലിപ്പൈനിൽ ജനകീയഭരണരീതി സ്ഥാപിക്കുമെന്ന അമേരിക്കയുടെ വാഗ്ദാനത്തെ പൂർത്തീകരിക്കുന്നതിന്റെ ഒരു തെളിവാണ് ഇപ്പോൾതന്നെ പ്രസിഡൻറും മന്ത്രിമാരും വന്നുചേർന്നതു്.

ജനറൽ മക്ആർതർ, ശത്രുവിനെ സർവ്വപ്രകാരേണയും പ്രഹരിക്കുന്നതിന്നു ഫിലിപ്പൈനിലെ ജനങ്ങളോടു അഭ്യർത്ഥിച്ചിരിക്കുന്നു. ഫിലിപ്പൈൻകാർ ഒരിക്കലും ജപ്പാന്നു കീഴടങ്ങിയിട്ടില്ല. അവർ എപ്പോഴും ശത്രുവിനെ ചെറുക്കുന്നതിന്നു ശ്രമിച്ചിട്ടുണ്ടു്. പർവ്വതപ്രാന്തങ്ങളിലും കാടുകൾക്കിടയിലും മററുമായി അവരിന്നു മറഞ്ഞിരിക്കുകയാണ്.

### "കള്ളി വെളിച്ചത്താക്കുന്ന" ആ പ്രസ്താവന

ജപ്പാന്റെ പാവയായി ഫിലിപ്പൈനിൽ വാഴുന്നടത്തുന്ന പ്രസിഡൻറ് ലാറൽ, ജപ്പാൻകാരുടെ നിർദ്ദേശപ്രകാരം ഒരു പ്രഖ്യാപനം ചെയ്കയുണ്ടായി. അതിന്റെ ഉദ്ദേശം ധീരന്മാരായ ജനകീയസേനകളെ ഭീഷണിപ്പെടുത്തുകയും പിന്മടക്കുകയുമായിരുന്നു. പണ്ടൊരിക്കൽ, ഈ ധീരയോദ്ധാക്കളെ പ്രലോഭിപ്പിച്ചു വശീകരിക്കുന്നതിന്നു ജപ്പാൻകാർ ശ്രമിച്ചുനോക്കി. പക്ഷെ അവർ വിട്ടുകൊടുത്തില്ല. സ്വാതന്ത്ര്യസംരക്ഷണത്തിന്നുവേണ്ടി എന്തു ത്യാഗവും സഹിക്കുന്നതിന്നു അവർ മടിച്ചില്ല. ജാപ്പാന്റെ നിയമം അവർക്കു ബാധകമല്ല; ലാറൽ ജപ്പാന്റെ കളിപ്പാവമാത്രമാണ്. ഫിലിപ്പൈനിലെ പ്രസിഡൻറല്ല.

ഫ്രാൻസിലെ മാക്വിസ്‌സേനയെപ്പോലെയും യൂഗോസ്ലാവ്യയിൽ ടിറേറായുടെ നേതൃത്വത്തിലുള്ള പടകളെപ്പോലെയും ഫിലിപ്പൈൻകാർ മക്ആർതറുടെ ആഹ്വാനത്തെ സ്വീകരിക്കും. അവർക്കു, യൂറോപ്പിലുള്ള തങ്ങളുടെ സഹോദരന്മാരെപ്പോലെ, ഫാസിസ്റ്റ് ഭരണത്തിന്റെ സ്വാദു നല്ലവണ്ണം അറിഞ്ഞവരാണ്. ഫാസിസ്റ്റ്കളെ ചവിട്ടിയോടിച്ചാൽ അവർക്കു ഒരു സ്വതന്ത്രമായ ജീവിതരീതി കൈക്കൊള്ളാം; ജനകീയഭരണം വീണ്ടും സ്ഥാപിക്കാം. മെക്ആർതർ മുഴക്കിയ ആ സന്ദേശം ഇവ മാത്രമാണ് കുറിക്കുന്നതും.

### "കാളസർപ്പം ചോരയൊലിച്ചു ഇഴയുന്നു"

ജപ്പാന്റെ സമരമനോഭാവവും, ജർമ്മൻകാരുടെ സമരമനോഭാവംപോലെതന്നെ നശിപ്പിക്കേണ്ട ഒന്നാണ്. ഈ ദുഷിച്ച വിപത്തിന്നെതിരായി ലോകമെങ്ങും തന്നെ ഭയങ്കരസമരം നടക്കുന്നു. മദ്ധ്യയൂറോപ്പിലെ മൈതാനങ്ങളിലും, നീതർലാണ്ടിലും, പാസഫിക് സമുദ്രത്തിലും, ഇന്ത്യൻ സമുദ്രത്തിലും നടന്നുവരുന്ന യുദ്ധങ്ങൾ ഫാസിസത്തിന്റെ ഉന്മൂലനാശത്തെ ഉദ്ദേശിച്ചു ചെയ്യപ്പെടുന്നവയാണ്. ടിഡിം നമ്മുടെ കയ്യിലായി. നിക്കോബർ ദ്വീപുകളിന്മേൽ ഏററവും കടുത്ത ആകാശാക്രമണങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇന്നു ജപ്പാന്റെ പട്ടാളതന്ത്രമാകുന്ന കാളസർപ്പത്തിന്നു മുറിവുകൾപററി ചോരയൊലിച്ചുതുടങ്ങിയിരിക്കുന്നു. അവസാനത്തിന്റെ ആരംഭമാണിതു്. മുറിവുപററിയതുകൊണ്ടു മുഴുവനും ആയില്ല. ഈ കാളസർപ്പത്തെ കൊന്നേകഴിയൂ. വളരെ താമസിയാതെതന്നെ ഈ ഉദ്ദേശ്യം നിർവ്വഹിക്കുന്നതിന്നു കങ്കണമണിഞ്ഞുകൊണ്ടാണ് സഖ്യശക്തികൾ നില്ക്കുന്നതു്. ഫിലിപ്പൈൻ ആക്രമണം, മുമ്പൊരിക്കൽ ഞങ്ങൾ സൂചിപ്പിച്ചപോലെ, ജപ്പാന്റെ കീഴിൽക്കിടന്നു നരകിക്കുന്ന ജനസമൂഹങ്ങളെ സ്വതന്ത്രരാക്കുന്ന ആ നാടകത്തിന്റെ ആദ്യരംഗം മാത്രമാണ്.

## ആഴ്ചക്കുറിപ്പുകൾ

### ജർമ്മൻജനങ്ങളെ മുഴുവനും നാസികൾ വലിച്ചിഴക്കുന്നു

ആസന്നമായ സഖ്യസേനകളുടെ ആക്രമണത്തെ ചെറുക്കുന്നതിന്നുള്ള മാർഗ്ഗങ്ങൾ നാസികളുടെ ഗൌരവമായ ആലോചനക്കു വിഷയീഭവിച്ചിരിക്കുന്നു. ഗസ്റ്റാപ്പോ നേതാവായ ഹിംലറെയാണ് ഇക്കാര്യങ്ങൾ നിർവ്വഹിക്കുന്നതിന്നു ഏല്പിച്ചിരിക്കുന്നത്. ഹിംലറേയും, ആയാളുടെ ഗസ്റ്റാപ്പോ സേനയേയുംപററി എല്ലാവക്കും അറിയാം. അയൽരാജ്യങ്ങളിലെ ജനങ്ങളെ, അതായത്, യൂറോപ്പിലെ അടിമരാജ്യങ്ങളിലെ ആയിരമായിരം ആളുകളെ എത്രമാത്രം മൃഗീയമായ രീതിയിലാണ് ഈ ചെകുത്താന്മാർ ദ്രോഹിച്ചിരിക്കുന്നതെന്നു പറയാൻ പ്രയാസമാണ്. ഇതേമാതിരി ജർമ്മൻ ജനങ്ങളെയും ദുരിതത്തിലേക്കും ദുഃഖത്തിലേക്കും വലിച്ചിഴക്കുന്നതിന്നു ഫാസിസ്റ്റു നേതാക്കന്മാർ തീർച്ചപ്പെടുത്തിക്കഴിഞ്ഞുവെന്ന് ഹിററ്ലർ ഇയ്യിടെ പ്രസ്താവിക്കയുണ്ടായല്ലോ. ജർമ്മൻകാരെ സംബന്ധിച്ചേടത്തോളം ഇതൊരു പ്രസ്താവനമാത്രമല്ല, അധികൃത കേന്ദ്രത്തിൽനിന്നുള്ള ഒരു വിളംബരവും, അനുസരിക്കപ്പെടേണ്ട നിയമവുമാണ്. പരാജയം പററിയതിനെ നാസികൾ സമ്മതിക്കുന്നു; പക്ഷെ ഇനിയും ജർമ്മൻ ജനതയെ മുഴുവനും നശിപ്പിച്ചേ തീരൂ എന്ന ഒരു വാശി അവക്കു ബാക്കിയായപോലെ തോന്നും. ഭരണാധികാരിയായ ഉടനെ ഹിററ്ലർ പ്രസ്താവിക്കുകയുണ്ടായി, ജർമ്മനിയെ ഒന്നുകിൽ ഒരായിരം കൊല്ലത്തേക്കു ആയാൾ ലോകത്തിന്റെ യജമാനനാക്കുമെന്നും, അല്ലാത്തപക്ഷം ആയിരം കൊല്ലങ്ങൾക്കു ആ രാജ്യത്തെ ശൂന്യതയിലേക്കു താഴ്ത്തിയിടുമെന്നും. ആ ചെകുത്താൻ അന്നു പറഞ്ഞപോലെ പ്രവർത്തിക്കുന്നതിന്നു തീർച്ചപ്പെടുത്തിയിരിക്കുന്നുവെന്ന് തോന്നുന്നു. ജർമ്മൻ ജനതയെ മുഴുവനും ആയാൾ ദുരിതങ്ങളിലേയ്ക്കു പിടിച്ചിഴക്കുന്നു; അന്ധാളിച്ചു ലോകം ഈ ദുരിതങ്ങൾ കണ്ടു നിൽക്കുകയാണ്. ഹിംലക്കു ഈ വിഷയത്തിൽ പരമാധികാരം കൊടുത്തതു കാണിക്കുന്നതെന്താണ്? ജർമ്മൻ ജനങ്ങളുടെ ദുരവസ്ഥ ഇന്ന് അതിന്റെ മൂർദ്ധന്യസ്ഥിതിയിൽ പ്രവേശിക്കാൻ പോവുന്നുവെന്നല്ലേ?

ജർമ്മനി പ്രതിരോധപരമായ ഒരു യുദ്ധത്തിലാണ് ഇന്നു ഏർപ്പെട്ടിരിക്കുന്നതു എന്നു ആയാൾ പ്രസ്താവിച്ചു. അതുകൊണ്ടാണത്രെ 'ജനകീയ സേന' ഏർപ്പെടുത്തേണ്ട ആവശ്യകതയും. മാത്രമല്ല ആയാൾ പറഞ്ഞു: "ജർമ്മനിയിലെ ഓരോ വീടും, ഓരോ കുഴിയും, ഓരോ കുററിച്ചെടിയും, ഒരു മരക്കൂട്ടവും, നമ്മുടെ ജനങ്ങളാൽ, പട്ടാളക്കാരാലും, യുവാക്കളാലും, വൃദ്ധന്മാരാലും, ആവശ്യംവരുന്നപക്ഷം നമ്മുടെ പെണ്ണുങ്ങളാൽ കൂടിയും, സംരക്ഷിക്കപ്പെടണം." ഇതിന്നായുള്ള സംഘടനയാണ് ജനകീയ സേന, അഥവാ സ്വരാജ്യരക്ഷാസൈന്യം എന്നു പറയപ്പെടുന്ന വോക്ക്സ്റ്റം. ഹിംലർ തുടരുന്നു: "ഇതാണ് ജർമ്മനിയുടെ ഏററവും അത്ഭുതകരമായ ആയുധം—ജർമ്മൻ ജനങ്ങളുടെ കൂട്ടം കൂട്ടമായുള്ള പോരിന്നിറങ്ങൽ!"

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക







### യുദ്ധം കഴിഞ്ഞാൽ ജർമ്മൻ ജനങ്ങളോടെങ്ങിനെ പെരുമാറണം

സർവ്വപോർമുനകളിലും സഖ്യസേനകൾ, രാവും പകലും ചെയ്യുന്ന ബോംബുവർഷത്താലുള്ള ദുരിതങ്ങൾ, ഇതൊക്കെയാണ് ഇന്നു ജർമ്മനി അഭിമുഖീകരിക്കുന്ന വിഷമങ്ങൾ. ഹിററ്ലറുടെ വിളംബരത്തിന്നോ, ഹിംലറുടെ പ്രസ്താവനയ്ക്കോ ഈ വസ്തുതകളെ ഇല്ലാതാക്കാൻ സാദ്ധ്യമല്ല. ജർമ്മനി അവസാനമായി തോൽവിയുടെ വക്കത്താണു എത്തിച്ചേർന്നിരിക്കുന്നത്.

ഇത്തരുണത്തിൽ, ഐക്യ രാഷ്ട്രങ്ങളെ മുഴുവനും തന്നെ പരിഭ്രമിപ്പിക്കുന്ന പ്രശ്നം യുദ്ധം കഴിഞ്ഞാൽ ജർമ്മനിയിലെ ആളുകളെസ്സംബന്ധിച്ച് എന്തുചെയ്യണമെന്നതാണ്. അവക്കു കിട്ടിയിട്ടുള്ള ദുഷിച്ച വിദ്യാഭ്യാസം മൂലം അവരത്ര മാത്ര ദുർവൃത്തരായിട്ടുണ്ട്. കഴിഞ്ഞ 70 കൊല്ലങ്ങളോളമായി അവർ വലിയ ഗുണഗണങ്ങൾ നിറഞ്ഞ ജനതയാണ് എന്നു അധികാരവർഗ്ഗം അവക്കു പറഞ്ഞു മനസ്സിലാക്കി; അയൽനാട്ടുകളെ ദ്രോഹിക്കുന്നതിന്നു പഠിപ്പിക്കുകയും ചെയ്തു. വമ്പിച്ച പരാജയങ്ങൾ അനുഭവിച്ചാൽ കൂടെ അവർ ചെയ്യുതാണ് ശരി എന്ന മനോഭാവം അവരിൽ നില്ക്കുന്നതായിരിക്കും. സഖ്യശക്തികളിലുൾപ്പെട്ട നിരവധി വക്താക്കൾ ഈ വിഷയത്തെപ്പററി ഗാഢാലോചന ചെയ്തുവരികയാണ്. ബ്ലാക്ക്പൂളിൽ വെച്ചുചേർന്ന ട്രേഡ് യൂനിയൻ കോൺഗ്രസ്സ് സമ്മേളനത്തിൽ തൊഴിലാളിനേതാക്കന്മാർ ജർമ്മനി ചെയ്ത കുററങ്ങൾക്കു തക്കതായ ശിക്ഷ നല്കേണ്ട ആവശ്യകതയെപ്പററി ഊന്നി പ്രസ്താവിച്ചിട്ടുണ്ട്: ജനറൽ ഐസൻഹോവർ, സഖ്യസേനകൾ ജർമ്മനിക്കുള്ളിൽ കടന്നാൽ, ജർമ്മൻകാരുമായി യാതൊരു വിധത്തിലും സാമുദായികമായ ഇടപാടുകൾ ഉണ്ടാവുന്നതല്ലെന്നു പറഞ്ഞിരിക്കുന്നു. ഐക്യ രാഷ്ട്രങ്ങൾ ജർമ്മൻ ജനങ്ങളോടു യുദ്ധാനന്തരം അനുവർത്തിച്ചുവരേണ്ട നയത്തെ സംബന്ധിച്ചു പ്രസിഡൻ്റ് റൂസ്‌വെൽട്ട് വ്യക്തവും സംക്ഷിപ്തവുമായി ഇങ്ങനെ പ്രസ്താവിക്കുന്നു: "മനുഷ്യ ലോകത്തിന്റെ ഈ പ്രാണവേദനക്കു കാരണഭൂതരും ഉത്തരവാദികളുമായ എല്ലാ ജർമ്മൻകാരെയും കഠിനമായി ശിക്ഷിക്കപ്പെടുന്നതാണ്. ജർമ്മൻ ജനങ്ങളെ അടിമപ്പെടുത്തുന്നതിന്നു ആഗ്രഹമില്ല: കാരണം ഐക്യരാഷ്ട്രങ്ങൾ അടിമപ്പെടുത്തലിൽ ആസക്തരല്ല. പക്ഷെ ജർമ്മൻകാർക്കു സമാധാനകാംക്ഷികളും, നിയമാനുസാരികളുമായ രാഷ്ട്രങ്ങളുടെ കൂട്ടത്തിൽ ചേരേണ്ടിവരും. അങ്ങിനെയുള്ള ഒരു മാർഗ്ഗത്തിലൂടെ പ്രയാണംചെയ്യുമ്പോൾ, അവക്കു തോക്കു ചുമക്കേണ്ടിവരില്ല. എന്നെന്നേയ്ക്കുമായി ആ ഭാരം അവക്കു ഇല്ലാതാക്കണമെന്നു ഞങ്ങൾക്കു വിചാരമുണ്ട്."

### നാസികളുടെ അഭയസങ്കേതം ജപ്പാനോ?

ജർമ്മൻജനങ്ങൾക്കു എന്തുതന്നെ സംഭവിച്ചാലും വേണ്ടില്ല, നാസി പ്രധാനികൾക്കു അതൊക്കെ പുല്ലാണ്. അവരുടെ ശ്രദ്ധ മുഴുവനും തങ്ങളുടെ രക്ഷയെ സംബന്ധിച്ചു മാത്രമാണ്. നാസിത്തലവന്മാരുടെ ഇടയിൽ ഈ സംഗതികളെക്കുറിച്ചുള്ള അഭിപ്രായത്തെപ്പററിയ ചില സൂചനകൾ ഗോയ്റിങ്ങിന്റെ പത്രത്തിൽനിന്നു ലഭിക്കുന്നുണ്ട്. സഖ്യശക്തികൾ നാസിയുദ്ധകുററവാളികളെ കൊല്ലുന്ന പക്ഷം, ജർമ്മനിയിലുള്ള പ്രധാനയുദ്ധതടവുകാരെ (ബൽജിയത്തിലേയും, ഡൻമാർക്കിലേയും രാജാക്കന്മാർ, ജനറൽ ബോർ) തുടങ്ങിയവരെ പകരമായി വധിച്ചുകളയുമെന്നാണ്. അവരെ ജാപ്പാനിലേക്കു കൊണ്ടുപോവുമത്രേ. ഇതിൽ അന്തർഭവിച്ചു കിടക്കുന്ന ക്രൂരമായ ഉദ്ദേശത്തിന്നു പിറകിൽ, വേറൊരു രഹസ്യവും കൂടിയുണ്ട്. ജർമ്മനിയുടെ പരാജയത്തിന്നു ശേഷവും ജപ്പാൻ നിലനില്ക്കാനിടയുണ്ട്. ഹിററ്ലരും മററു നാസി നേതാക്കന്മാരും ജപ്പാനിൽ അഭയം പ്രാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു ഇതിൽനിന്നു വെളിപ്പെടുന്നു. ജപ്പാനും താല്ക്കാലികമായ ഒരു രക്ഷാസങ്കേതം മാത്രമാണ്. പാസഫിക്ക് യുദ്ധരംഗത്തിൽനിന്നുവരുന്ന വർത്തമാനങ്ങൾ ഈ വാസ്തവത്തെ കുറെക്കൂടി പ്രബലമാക്കുന്നുണ്ട്.

### മോസ്ക്കോവിൽവെച്ചുണ്ടായ യുദ്ധച്ചങ്ങാതികളുടെ കൂടിക്കാഴ്ച.

പ്രധാനമന്ത്രി മോസ്കോവിൽനിന്നു പോരുന്ന സമയത്തു മാർഷൽ സ്റ്റാലിൻ "എന്റെ സുഹൃത്തും യുദ്ധച്ചങ്ങാതിയു"മാണെന്നു പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം ഇങ്ങിനെ തുടർന്നു: "ഞങ്ങൾ വളരെ വിഷമിച്ചു പ്രവർത്തിച്ചു. ഞങ്ങൾ പ്രവർത്തകന്മാരുടെയും യോദ്ധാക്കളുടെയും ഒരു സമിതിയായിരുന്നു." ഈ വിഷമകൃത്യത്തിൽ ഒട്ടധികവും പോളിഷ് പ്രശ്നം പരിഹരിക്കുന്നതിനെ സംബന്ധിച്ചതായിരുന്നു. ലണ്ടനിലുള്ള പോളിഷ് ഗവർമ്മേണ്ടിന്റെയും, ലൂബ്ലിൻ പോളിഷ് കമ്മിററിയുടെയും പ്രതിനിധികളുടെ സാന്നിദ്ധ്യം തൃപ്തികരമായ ഒരു സംഗതിയാണ്. ഇവർ തമ്മിൽ അവസാനമായി ഒരു തീരുമാനം വരുത്തുന്നതിനെ ഉദ്ദേശിച്ചുള്ള നിശ്ചയങ്ങൾ വരുവാനുള്ള സൂചന ചെയ്യാനിടയുണ്ട്. ബാൾക്കൻ സ്ഥിതികളെപ്പററിയും ആലോചിച്ചിട്ടുണ്ടായിരിക്കണം. ഇതേമാതിരി പല പ്രശ്നങ്ങളും ഈ നേതാക്കളുടെ ഗൌരവാവഹമായ ആലോചനക്കു വിഷയീഭവിച്ചിട്ടുണ്ടാവണം. അവയൊക്കെ ഇപ്പോൾ എന്തെല്ലാമാണെന്നു അനുമാനിച്ചുകൂടാ. ഈസ്റ്റ് പ്രഷ്യയെ സംബന്ധിച്ച ആ രഹസ്യത്തിന്റെ മൂടുപടം ഇവിടെ എടുക്കപ്പെട്ടുകഴിഞ്ഞു. ചൊവ്വാഴ്ച ജർമ്മൻ രാജ്യത്തെ അനവധി ഗ്രാമങ്ങൾ റഷ്യക്കാർ പിടിച്ചിരിക്കുന്നുവെന്നും, ശത്രു രാജ്യത്തിൽ 20 നാഴികയോളം പ്രവേശിച്ചു കഴിഞ്ഞുവെന്നും റഷ്യക്കാർ സമ്മതിച്ചിരിക്കുന്നു. ചുവപ്പുസേന കാർപ്പത്തിയൻ മലനിരയിലൂടെ ചെക്കോസ്ലോവാക്യയിലേക്കു കടന്നു കഴിഞ്ഞു; ബൽഗ്രേഡ് ചുവപ്പു സേനയുടെ കയ്യിലകപ്പെട്ടു; ഇനി ഹങ്കറിയിലെ മൈതാനങ്ങളിലേക്കായിരിക്കണം അവരുടെ ഗതി. മദ്ധ്യ യൂറോപ്പിലൂടെ, അടിമകളായ ജനങ്ങളെ ഉൽബുദ്ധരാക്കി നാസികൾക്കെതിരായിനയിച്ചുകൊണ്ടാണ് റഷ്യയുടെ പുരോഗമനം. അത്തൻസിൽനിന്നും ജർമ്മൻകാർ പാഞ്ഞൊളിച്ചിരിക്കുന്നു. അവരൊക്കെയും ജർമ്മനിയിലേക്കു പോകാനുള്ള പഴുതും തേടി അലഞ്ഞു നടക്കുകയാണ്.

### ഇന്ത്യൻ സേനകൾക്കു അഭിനന്ദനം

ഇററലിയിൽ സഖ്യസേനകൾ മുന്നോട്ടു കുതിച്ചു കയറുന്നുണ്ട്. എങ്കിലും, ശത്രു ആ രംഗത്തിൽ കഴിയുന്ന വിധത്തിലെല്ലാം കിണഞ്ഞു പൊരുതുന്നുമുണ്ട്. ഇററലിയൻ യുദ്ധരംഗം ഈ യുദ്ധത്തിലെ ഏററവും വലിയ സമരങ്ങൾ നടന്ന ഒരു രംഗമാണ്. ഈ രംഗത്തിൽ ഇന്ത്യക്കാർ ഒരു വലിയ പങ്കു നിർവ്വഹിച്ചിട്ടുണ്ട്. ഈ സവിശേഷമായ സേവനത്തിന്നും ധീരകൃത്യങ്ങൾക്കുമായി സേനാനായകന്മാർ പലപ്പോഴും അവരെ പ്രശംസിച്ചിട്ടുമുണ്ട്. ഈയിടെ ജനറൽ മേററ്ലൻറ് വിൽസൺ ഇന്ത്യൻ യോദ്ധാക്കളുടെ സമരപാടവത്തെക്കുറിച്ചു ഇങ്ങിനെ പ്രസ്താവിക്കുന്നു: "ഗോതിക്ക് നിരയ്ക്കുമുന്നിൽവെച്ചുണ്ടായ പോരിൽ ഏററവും വിശിഷ്ടവും ധീരവുമായ സമരവൈദഗ്ദ്ധ്യമാണ് അവർ പ്രദർശിപ്പിച്ചിട്ടുള്ളതു."

# പടയാളി

(കാകളി)

ലോകത്തിലുള്ള ജനങ്ങളാ ഫാസിസ്റ്റ-
ഭീകരന്മാരുമായ് യുദ്ധം തുടർന്നുപോയ്,
എന്തും സഹിക്കാൻ കരുത്തേഴും പുത്തനാം
വൻപടച്ചട്ടയണിഞ്ഞു കഴിഞ്ഞു ഞാൻ;
ധീരരാമെൻ കൂട്ടുകാരോടു കൂടവേ-
പോരാടിടാനായ് പുറപ്പെടട്ടേയിനി.

ആരാണു ഞാനെന്നറിഞ്ഞതിന്നാണു ഞാ-
നാരെൻ സഖാക്കളെന്നേതും ഗ്രഹിച്ചുപോയ്!
അക്രമത്തിൻറയെതിരാളിയാമെൻറ-
കൂട്ടുകാർ യുദ്ധഭൂമിയിലാണൊക്കവേ !!

II

പെണ്ണുങ്ങളും, കുഞ്ഞുങ്ങളും, വൃദ്ധർ യുവാക്കളെ-
ന്നെണ്ണാതെയെല്ലാ ജനങ്ങളേയും വൃഥാ,
ചുട്ടുകരിക്കുവാൻ, തല്ലുവാൻ, കൊല്ലുവാ-
നൊട്ടും മടിക്കാത്ത ജാപ്പുഭൂതങ്ങളെ,
പാരിനെയാകവേ മർദ്ദനരീതിയാൽ
കൂരിരുൾക്കുണ്ടിലേക്കാഴ്ത്തുന്ന കൂട്ടരെ,
ഫാസിസമാം വിഷം ചർദ്ദിച്ചു ലോകത്തെ-
ബ്ബോധം കെടുത്തുന്ന മൂർഖസർപ്പങ്ങളെ,
ഒന്നൊഴിയാതെ ഹാ! കൊന്നൊടുക്കീടുവാ-
നെന്നും പൊരുതുവാൻ സന്നദ്ധനാണു ഞാൻ!
എന്നാട്ടുകാരെയഖിലമിപ്പോരിനു-
മുന്നോട്ടു മുന്നോട്ടു കൊണ്ടുപോയീടുവാൻ
സാധ്യമാകേണമെന്നാശിപ്പു ഞാൻ; എൻറ
കർത്തവ്യമായതിനുള്ള കൃത്യങ്ങളും.

അക്രമത്തിൻറ യടിവേരറുക്കുവാൻ
വിക്രമമേറുന്ന ജീവിതം, ജീവിതം !!

III

നിഷ്ഠുരഫാസിസം നിർമ്മിച്ചൊരക്രമ-
നിഷ്ഠയെനീക്കിക്കളവാൻ കൊതിപ്പു ഞാൻ!
ഒററച്ചവിട്ടാലതു തകർത്തീടുവാ-
നൊത്തു ശ്രമിക്കും സഖാക്കളുമായി ഞാൻ!

പാടില്ല, പാടില്ല, പാരിങ്കലെന്നുമേ
പേടിയും, പോരും, പരതന്ത്രരീതിയും!
പാവങ്ങൾതൻ തലതന്നിലമർന്നിരു-
ന്നിടരുതേതൊരു രാഷ്ട്രവും മർത്ത്യനും!

IV

തീവ്രസമരപ്പിശാചിന്നൊരിക്കലെ-
ത്തീനായിയെങ്കിൽ ക്കരയരുതാരുമേ.

പോരിൻറ പീരങ്കിയുണ്ടയാം വണ്ടുകൾ
കോരിക്കുടിക്കട്ടെയെൻ നിണാസവരിയെ!
വേണമെന്നാകിൽ;—വിജയത്തിലെത്തുവാൻ
പ്രാണൻ ത്യജിക്കണമെങ്കിൽ ഞാൻ ചെയ്തിടാം!
പോർക്കളം കാൺകവേ രക്തം തിളക്കുന്നു-
പൊട്ടിത്തെറിക്കുന്നിതെന്നുടെ ഹൃത്തടം!
എത്തിക്കഴിഞ്ഞു ഞാനെൻ തീർത്ഥയാത്രയി-
ലിത്രനാളും കൊതിച്ചുള്ളൊരക്കോവിലിൽ !!
പിന്മടങ്ങില്ല ഞാനിപ്പുണ്യവേദിയിൽ-
നിന്നെൻറ മോക്ഷം ലഭിക്കാതൊരിക്കലും.

എന്താണു മന്മോക്ഷമെന്നോ? രണത്തിങ്കൽ-
നിന്നുദിച്ചീടും വിജയ, മതൊന്നുതാൻ!
ആഹാ വിജയം, വിജയമാമത്രമേൽ-
സ്നേഹപ്രദായിനി, വിശ്വവിമോഹിനി!
ആ വിചാരത്തിൽ പുളകിതമാണുമൽ-
ജീവിതത്തിൻറ വിവിധലക്ഷ്യങ്ങളും !!

* * *

പോരിൻ പുകപിടിച്ചുള്ള തിരശ്ശീല-
പാരിൻറ രംഗത്തിൽനിന്നു നീങ്ങീടവേ,
സന്തോഷചിന്തകളെങ്ങും മനുഷ്യൻറ-
പുഞ്ചിരിപ്പൂക്കളിലൂടെയുതിരവേ,
നിത്യസമാധാനദേവത, യന്തികേ-
നൃത്തവും ചെയ്തു വിനോദിച്ചിരിക്കവേ,
പുത്തിലഞ്ഞിപ്പൂക്കൾ പോലവേ പുത്തനാം
തത്വങ്ങളെങ്ങും പരിമളം വീശവേ,
അന്നാളിൽ നിങ്ങളെയോർക്കണേതെല്ലിട
നന്ദിയോടീരണവീരരെ, ലോകരേ!
ചോരചൊരിഞ്ഞു വിജയലക്ഷ്മിക്കെഴും-
സാരിമേൽ ചെഞ്ചായമിട്ടൊരക്കൂട്ടരെ !!

# ടിഡിം പിടിച്ചതു ജപ്പാന്നു ചെകിട്ടത്തു കിട്ടിയ ഒരടിയാണ്

ഒക്ടോബർ 10-ാം തിയ്യതി 5-ാമത്തെ ഇന്ത്യൻ സേനാവിഭാഗം ടിഡിം പിടിച്ചു. ബർമ്മ യുദ്ധത്തിലെ ഏററവും പ്രധാനമായ ഒരു സമരമാണിതു് ടിഡിം നമ്മുടെ കയ്യുവശം വന്നതു്, ജപ്പാൻെറ ചെകിട്ടത്തു കൊടുത്ത മറെറാരു കനത്ത പ്രഹരമാണു്. താഴെ കാണുന്നതു് ടിഡിം രംഗത്തിലെ ചില രംഗങ്ങളാണു്:



കാട്ടിലും വർത്തമാനക്കടലാസു വായിക്കാൻ കിട്ടുന്നു




അതൃത്തിയിൽ



സാപ്പേഴ്സ് തകൃതിയായി പണിയെടുക്കുന്നു. വേഗം വിജയിക്കണമെന്നാണു് എല്ലാവരുടേയും ആശ

## യുദ്ധം കഴിഞ്ഞാൽ

# "വിജയം വരിച്ചെത്തുന്ന വീരന്മാർക്കു വസിയ്ക്കുവാൻ"

"മെസ്സപൊട്ടോമിയ" ഒരു "അനുഗ്രഹീതപദ" മായിട്ടു ഗണിക്കപ്പെട്ടുവരുന്നു. എന്നാൽ ഈയിടെയായി മറെറാരു പദം കൂടെ ഇങ്ങിനെയൊരു "അനുഗ്രഹീതപദ" മായിത്തീർന്നിട്ടുണ്ട്; അതാണ് യുദ്ധാനന്തരപുനഃനിർമ്മാണം. ഈ ശൈലി ഇന്നെല്ലാവർക്കും ഒരു പാട്ടായിത്തീർന്നിരിക്കുന്നു. ഉദ്യോഗസ്ഥർ, യോദ്ധാക്കൾ, പൌരന്മാർ, കൃഷിക്കാർ, വ്യാപാരികൾ,—ഇങ്ങിനെ എല്ലാവരും ഈ വിഷയത്തെപ്പററി ആലോചന നടത്തിവരുന്നുണ്ട്. ഇതേവരേയും ഒരു "മങ്ങിയ കണ്ണാടി ചില്ലിലൂടെ മാത്രം കണ്ടുവന്നിരുന്ന" ഈ നിർദ്ദേശങ്ങളെയും പദ്ധതികളേയും കുറച്ചൊന്നു വ്യക്തമാക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

പത്രങ്ങളിൽനിന്നുതന്നെ കേന്ദ്ര ഗവമ്മേണ്ടും സംസ്ഥാന ഗവമ്മേണ്ടുകളും യുദ്ധാനന്തരപുനനിർമ്മാണത്തെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്നു പല കമ്മിററികൾ രൂപീകരിച്ചതായി നമുക്കു മനസ്സിലാക്കാം. മാത്രമല്ല, ഇതു സംബന്ധമായ പല വിവരങ്ങളും കണക്കുകളും കൂടി ഇപ്പോൾ ശേഖരിക്കപ്പെട്ടുവരുന്നു. വളരെ ഗൌരവതരമായ രീതിയിൽ തന്നെ യുദ്ധാനന്തരപുനഃനിർമ്മാണത്തെപ്പററി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. മദിരാശി സംസ്ഥാനത്തെ സംബന്ധിച്ചുള്ള പുനഃനിർമ്മാണത്തെപ്പററി ആലോചിക്കുമ്പോൾ, അതു മററു സംസ്ഥാനങ്ങളിലേ മാതിരിത്തന്നെ വേണമെന്നില്ലെന്നാണ് എനിക്കു ആദ്യമായിതന്നെ തോന്നുന്ന അഭിപ്രായം. ഉദാഹരണമായി, "ബോമ്പെയിലെ നാട്ടുപുറങ്ങളുടെ ഭാവിയെ പ്ലാൻ ചെയ്യൽ" എന്ന ഗവമ്മേണ്ടു പ്രസിദ്ധീകരത്തിൽ, പുനനിർമ്മാണത്തിന്റെ ഉദ്ദേശങ്ങൾ "ഉൾനാട്ടുകളുടെ സാമ്പത്തിക സ്ഥിതി ഉയർത്തുക, ജനങ്ങളുടെ ക്ഷേമത്തെ അഭിവൃദ്ധിപ്പെടുത്തുക, അതേസമയത്തു തന്നെ മടങ്ങിവരുന്ന പട്ടാളക്കാർക്കുവേണ്ട ആനുകൂല്യങ്ങൾ ചെയ്യുക" ഇവയൊക്കെയാണെന്നു പ്രസ്താവിച്ചിരിക്കുന്നു. മദിരാശി ഗവമ്മേണ്ടിന്നും ഇതെപ്പോലെയുള്ള ലക്ഷ്യങ്ങൾ തന്നെയാണുള്ളതു്. ജലസേചനം, സന്ദേശസൌകര്യങ്ങൾ ഇവയെ സംബന്ധിച്ചുള്ള പദ്ധതികൾ തയ്യാറായികൊണ്ടിരിക്കുന്നു. എന്നാൽ മദിരാശിയിലെ യുദ്ധാനന്തരപുനഃനിർമ്മാണ സമിതി കൂടുതൽ പ്രാഥമികത്വവും പ്രാധാന്യവും നൽകുന്നതു് മടങ്ങിവരുന്ന പട്ടാളക്കാരുടെ കാര്യത്തിനാണ്; തന്മൂലമാണ് പിരിഞ്ഞുവരുന്ന പട്ടാളക്കാരുടെ കാര്യങ്ങളെപ്പററി ഈ ലേഖനത്തിൽ അധികം വിസ്തരിക്കപ്പെടുന്നതു്.

### പദ്ധതിയുടെ ഏകദേശരൂപം

ഒരു കണക്കിൽ പുനഃനിർമ്മാണവും പട്ടാളത്തിൽനിന്നു പിരിച്ചയക്കലും, രണ്ടു വ്യത്യസ്ത സംഗതികളാണ്. യുദ്ധം കഴിഞ്ഞെത്തുന്ന പട്ടാളക്കാരുടെ ക്ഷേമങ്ങൾക്കായി പ്രത്യേക അധികാരികൾ ഉണ്ടു്; ധനവകുപ്പുമുണ്ടു്. ഡിമൊബിലൈസേഷൻ സബ്ബ് കമ്മറിറിയെക്കൂടാതെ, മദ്രാസ് സംസ്ഥാനത്തിൽ യുദ്ധാനന്തരപുനഃനിർമ്മാണസമിതിയുടെ കീഴിൽ പത്തു സബ് കമ്മിററികൾ ഈ കാര്യത്തെപ്പററി വേണ്ടതെല്ലാം ചെയ്യുന്നതിന്നായി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യുദ്ധാനന്തര പുനഃനിർമ്മാണ സമിതി ഉൽഘാടനം ചെയ്തുകൊണ്ട് ഗവർണ്ണർ ചെയ്ത പ്രസംഗത്തിൽ, ഡിമോബിലൈസേഷൻ സബ്കമ്മിററിയിന്മേലാണ് ഏററവും ഔദ്യോഗികമായ ശ്രദ്ധ പതിഞ്ഞിരിക്കുന്നതെന്നു പ്രസ്താവിച്ചു. ഈ കമ്മിററിയിലെ പഴക്കവും തഴക്കവും സിദ്ധിച്ച അംഗങ്ങൾ മദിരാശി യോദ്ധാക്കൾക്കു നല്ല ഒരു ഭാവിയുണ്ടാക്കുന്നതിന്നു ഉററു ശ്രമിക്കുമെന്നതിന്നു സംശയമില്ല.

മദിരാശി ഗവമ്മേണ്ടു താത്വികമായി ഈ പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്.

(1) അഗ്രികൾച്ചറൽ കോളണികൾ.

(2) കോപ്പറേററീവ് തൊഴിൽശാലകൾ

(3) ലേബർ കോൺട്രാക്ട് കോപ്പറേററീവ് സൊസൈററികൾ:

(4) ഗവമ്മേണ്ടു നിയന്ത്രണത്തിലുള്ള മോട്ടോർ വാഹന പദ്ധതികൾ.

(5) കാർഷികകേന്ദ്രങ്ങളിലും, കോപ്പറേററീവ് സെൻടറുകളിലും പരിശീലനം ലഭിക്കുന്നതിന്നും കൂടുതൽ ആനുകൂല്യങ്ങൾ.

ഇപ്പോഴത്തെ പ്രധാന പര്യാലോചനകൾക്കു വിഷയീഭവിച്ചിരിക്കുന്നതു ഇവയാണ്. ഇനിയത്തെ പുതിയ പ്ലാൻചെയ്യൽ ഇവയെ ഒന്നുകൂടെ വിപുലപ്പെടുത്തുകയായിരിക്കും. പുതുതായി ഒരു പ്ലാൻ തയ്യാറാക്കുന്നതിലധികം പ്രായോഗികവും സ്വാഭാവികവുമായിട്ടു കാണുന്നതു് ഇതാണ്. ഒന്നു തീർച്ചയാണ്, പട്ടാളക്കാർക്കു ഈ വിഷയങ്ങളിൽ പ്രാഥമസ്ഥാനമുണ്ടാവും, പ്രധാനമായ ഈ പദ്ധതികൾ അവരെ ഉദ്ദേശിച്ചുള്ളവയാണുതാനും.

### "മിലിട്ടറി പോസ്റ്റ്‌വാർ റീകൺസ്റ്റ്രക്ഷൻ ഫണ്ട്"

ആദ്യമായി ശ്രദ്ധ ചെലുത്തപ്പെടുക മുകളിൽപ്പറഞ്ഞ പദ്ധതികളിലെ ആദ്യത്തെ രണ്ടെണ്ണത്തിന്മേലാണ്. ഒരു നല്ല നിലയിൽ പണം ചെലവഴിച്ചാലല്ലാതെ ഒരു പ്ലാനും ഫലപ്രദമാവുന്നതല്ല തന്നെ. തന്മൂലം നമുക്കു ഇവയ്ക്കു പണമിറക്കുന്നതിന്നുള്ള മാർഗ്ഗങ്ങളെക്കുറിച്ചു ആദ്യമായി പര്യാലോചിക്കേണ്ടിയിരിക്കുന്നു. മദിരാശിയിലെ യുദ്ധാനന്തരപുനഃനിർമ്മാണക്കമ്മിററി ആദ്യമായി പട്ടാളക്കാരെപ്പററി ചിന്തിക്കുന്നതിന്നു കാരണങ്ങളുണ്ട്. അവർ അതർഹിക്കുന്ന ഒന്നത്രെ. സമാധാനകാലത്തു തങ്ങളുടെ ജീവിതത്തെ ശോഭനമാക്കുന്നതിന്നു വേണ്ടി ഇപ്പോൾത്തന്നെ അവർ പണം കരുതിവെക്കുന്നുണ്ട്. അതുകൊണ്ടു യുദ്ധാനന്തരമുള്ള പട്ടാളക്കാരുടെ ജീവിതസൌകര്യങ്ങളെ വികസിപ്പിക്കുന്ന കാര്യത്തിൽ, പൊതുവെ നികുതി ചുമത്തൽ വേണ്ടിവരില്ല തന്നെ. ഡൽഹിയിൽ പട്ടാളക്കാരുടെ യുദ്ധത്തിന്നു ശേഷമുള്ള ജീവിതത്തിന്നായി ഒരു ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പേരാണ് "മിലിട്ടറി പോസ്റ്റ് വാർ റീകൺസ്ട്രക്ഷൻ ഫണ്ട്" പട്ടാളക്കാർ തിരിച്ചുവന്നാൽ സ്വീകരിക്കുന്ന ജീവിതമാർഗ്ഗത്തിന്റെ ചെലവുകളിൽ ഒരു ഗണ്യമായ പങ്കു ഈ ഫണ്ടിൽനിന്നു കിട്ടുന്നതാണ്. കുറച്ചു കാലം മുമ്പു അധികൃതന്മാർ സിപ്പായികളുടെ ശമ്പളത്തിൽ 4 ക. അധികരിപ്പിക്കാൻ തീർച്ചയാക്കുകയുണ്ടായി. പക്ഷെ അതിൽ പകുതിയും ഈ ഫണ്ടിലേക്കു വിനിയോഗിക്കുവാനാണ് തീരുമാനിച്ചതു്. ഇന്നു ഈ ഫണ്ടിൽ ഏതാണ്ട എട്ടൊ പത്തൊ കോടി ഉറുപ്പികയോളം ഉണ്ടായിരിക്കും—അതു വർദ്ധിച്ചുതന്നെ വരുന്നുമുണ്ട്. മടങ്ങിവരുന്ന യുദ്ധവീരന്മാർക്കുവേണ്ട ആനുകൂല്യങ്ങൾ അധികരിപ്പിക്കുന്നതിന്നുള്ള പദ്ധതികൾ പതിനൊന്നു സംസ്ഥാനങ്ങളിലും ചെയ്യേണ്ടതുണ്ടു്. മൊത്തമായി ഇങ്ങിനെ നോക്കുന്നപക്ഷം ഫണ്ട്, പുനനിർമ്മാണത്തിന്നു വേണ്ട ചെലവിലേക്കുള്ള അല്പം "ചില്ലറക്കാശാ" യിട്ടേ തോന്നുകയുള്ളൂ. പിന്നെയൊരുസംഗതി ഏതു സംസ്ഥാനത്തിന്നാണ് കൂടുതൽ അവകാശങ്ങളും പ്രാധാന്യവും കൊടുക്കേണ്ടതു് എന്നതാണ്. മദ്രാസ് സംസ്ഥാനത്തിൽനിന്നു പട്ടാളത്തിൽ ചേർന്നവരുടെ സംഖ്യ 3½ ലക്ഷമാണ്. അവർക്കു പിരിഞ്ഞുവന്നാലുള്ള ജീവിതവ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിന്നു, അതായതു കാർഷിക കോളണികളും (അഗ്രികൾച്ചറൽ കോളണിസ്) സഹകരണരീതിയിലുള്ള തൊഴിൽശാലകളും (കോപ്പറേററീവ് വർക്ക്ഷാപ്പുകളും) ആരംഭിക്കുന്നതിന്നായി രണ്ടു കോടി ഉറുപ്പിക ഈ മിലിട്ടറി റീകൺസ്ട്രക്ഷൻ ഫണ്ടിൽനിന്നു എടുക്കുന്നതിന്ന് അത്ര വിഷമമൊന്നും വേണ്ടതില്ല. തീർച്ചയാണ് കാര്യങ്ങളെല്ലാം ശരിപ്പെട്ടു തന്നെ വരും. ഈ ഒരോ സംസ്ഥാനങ്ങളെന്നു ഗണനയെ മനസ്സിലാക്കുന്നതിന്നു ജനങ്ങൾ വിഷമം കണ്ടെന്നുവരാം. ഞാൻ മദിരാശി പ്ലാനെ സംബന്ധിച്ചാണ് കൂടുതലായി ഊന്നിപ്പറയുന്നതു് ഡൽഹിയിലെ തത്വങ്ങളെക്കാൾ നമ്മുടെ ആളുകൾക്കു ആവശ്യവും അറിയേണ്ടതു മദിരാശിയിലെ കാര്യമാണ് എന്നതിനാലാണ്.

### കോളണികളും അവയ്ക്കു വേണ്ട ചെലവും


പ്രവൃത്തിരൂപത്തിൽ വരുത്തുന്നവരെയും, അഥവാ വരുത്താമെന്നു ബോദ്ധ്യം വരുന്നവരേയും ഏതൊരു പദ്ധതിയും കടലാസു പദ്ധതിമാത്രമാണ്. തന്മൂലം ആവക കാര്യങ്ങളെ ആരായുകയാണ് ആദ്യം വേണ്ടതു്. നാം നിശ്ചയിച്ചുവെച്ച 46 കാർഷിക കോളണികളിൽ ചിലതു, സാങ്കേതിക പരിശോധനകൾക്കു ശേഷം നല്ലതല്ലെന്നു കണ്ടുവെന്നുവരാം. ചിലവയ്ക്കു വളരെ ചിലവു അധികമായെന്നും വരാം. കാരണം മദിരാശി സംസ്ഥാനത്തിൽ പററിയ നിലം അത്ര സുലഭമല്ല തന്നെ. ഉള്ള നല്ല നിലമൊക്കെ ഉടമസ്ഥന്മാരുടെതാണ്. അവ വാങ്ങുമ്പോൾ ചെലവു

ഇരട്ടിക്കാനിടയുണ്ട്. 22 സ്ഥലങ്ങൾ തിരഞ്ഞു വെച്ചിട്ടുണ്ട്. അവിടെ പ്രവൃത്തനങ്ങൾ ഇപ്പോൾത്തന്നെ വേണമെങ്കിൽ തുടങ്ങാൻ കഴിയും. അതിന്നായി പ്രത്യേകം ഭൂമിവാങ്ങേണ്ടതില്ല. വേണ്ടിവന്നാൽ ചുററിലും കുറച്ചു സ്ഥലം മാത്രം മതി. ഇതിന്നും വളരെ പ്രവൃത്തിയുണ്ട്. ചില സ്ഥലങ്ങളിൽ മണ്ണെല്ലാം കിളച്ചുനന്നാക്കേണ്ടിയിരിക്കുന്നു. 500 ഏക്കർ മുതൽ 3,000 ഏക്കർവരെ വരുന്ന ഈ നിലങ്ങൾ മടങ്ങിവരുന്ന പട്ടാളക്കാർക്കു താമസിക്കുന്നതിന്നും ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന്നും പററിയ സ്ഥലങ്ങളാക്കണം. അതായതു്, ഇതേവരേയും കൃഷി ചെയ്യാത്ത സ്ഥലങ്ങൾ കൃഷിക്കു ഉപയുക്തമാക്കുക, റോഡുകൾ, തോടുകൾ മുതലായവ നിർമ്മിക്കുക ഇതൊക്കെ ചെയ്യേണ്ടതുണ്ട്. ചിലേടങ്ങളിൽനിന്നു മലമ്പനിബാധ കൂടെ ഒഴിക്കേണ്ടതായിട്ടുണ്ട്. കൂടാതെ ധാന്യശേഖരപ്പുരകൾ, വൈദ്യശാലകൾ, വിദ്യാലയങ്ങൾ, ഇവയൊക്കെയും ഏർപ്പെടുത്തേണ്ടവയാണ്. പട്ടാളക്കാർക്ക് ഈ സ്ഥലങ്ങൾ വാസയോഗ്യമാകണമെങ്കിൽ മുൻകൂട്ടിത്തന്നെ ഇതൊക്കെ ചെയ്യേണ്ടിയിരിക്കുന്നു.

ഈ ആവശ്യങ്ങൾക്കും, ഇതിന്നുപുറമേ 50 മുതൽ 150 വരെ കുടുംബങ്ങൾക്കു വസിക്കുവാനുള്ള പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിന്നുമായി ഒരു നല്ല സംഖ്യ വേണ്ടിവരും. പക്ഷെ ഇതും നമുക്കു സംഖ്യയിൽത്തന്നെ കണക്കാക്കുക. ഈ 22 പദ്ധതികൾക്കായി ഏതാണ്ടു കണക്കാക്കപ്പെട്ട ചെലവു 78,82,763 ഉറുപ്പികയാണ്. ഈ കണക്കു ഇപ്പോഴത്തെ മാർക്കററു നിരക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നതു്; അതായതു, യുദ്ധത്തിന്നു മുമ്പുള്ള നിരക്കിൻെറ രണ്ടിരട്ടി. ഈ കണക്കുപ്രകാരം അപ്പോൾ ഒരു കോളണിക്കു വേണ്ടിവരുന്ന ചെലവു $3\frac{1}{2}$ ലക്ഷം ഉറുപ്പികയായിരിക്കും. ഇതേ മാതിരി മററു പദ്ധതികളെപ്പററിയും സൂക്ഷ്മമായി പര്യാലോചിക്കുന്നപക്ഷം അവ പ്രായോഗികമാണെന്നു ബോദ്ധ്യപ്പെടും. ഇങ്ങനെയുള്ള 40 കോളണികൾ കൃഷിക്കുപയുക്തമാക്കുന്നതിന്നും മററു സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്നുമായി 1,40,00,000 ഉറുപ്പിക വേണ്ടിവരും. പട്ടാളക്കാരുടെ കുടുംബത്തിന്നുള്ള വസതികൾ നിർമ്മിക്കുന്നതിന്നു നമുക്കു അരക്കോടി ഉറുപ്പികയും കൂടെ കണക്കാക്കാം. അധികൃതന്മാർക്കു നല്ല ബോദ്ധ്യമുണ്ടു് 1939 ലേയും 1945 ലേയും വിലനിരക്കിനെപ്പററി. തന്മൂലം ആദ്യം മറുനാടുകളിൽനിന്നു തിരിച്ചുവരുന്ന പട്ടാളക്കാർക്കു അത്യാവശ്യമായ സൌകര്യങ്ങൾമാത്രമേ ഇപ്പോൾ ചെയ്യുതീർക്കുവാൻ ഉദ്യമിക്കുകയുള്ളൂ. കൂടാതെ യുദ്ധാവസാനത്തിൽ സാധനങ്ങളുടെ വില കുറയുകയും ചെയ്യും. ഇതു വളരെ യുക്തിപൂർവ്വമായ ഒരു ആലോചനയാണ്. 20 ലക്ഷം പട്ടാളക്കാരും സമാധാനം പ്രഖ്യാപിക്കപ്പെട്ടാൽ അന്നുതന്നെ തിരിച്ചെത്തുന്നതല്ല. അതുകൊണ്ടു വിലയിടിവുണ്ടാവുമെന്നു പ്രതീക്ഷിക്കുന്നതിന്നു നമുക്കല്പം സമയം കിട്ടുന്നതാണ്. ഈ കാര്യത്തിൽ പലരും അശുഭപ്രതീക്ഷകന്മാരായുണ്ടെന്ന വസ്തുതയും ഞാനിവിടെ മറച്ചുവെക്കുന്നില്ല.

## ഓരോ ഭടന്നും 2,600 ക. വീതം

ഏതു വിധത്തിലായാലും ശരി, യുദ്ധം കഴിഞ്ഞു തിരിച്ചെത്തുന്ന പട്ടാളക്കാരുടെ നന്മക്കായി പണം ചെലവാക്കുന്നതിന്നു "സെൻട്രൽ പോസ്റ്റ് വാർറീക്കൺസ്ട്രക്ക്ഷൻ ഫണ്ടിനെ, നിശ്ചയിക്കുന്നതിന്നു മദ്രാസിന്നു തികച്ചും ന്യായമുണ്ടു്. ഇനി നമുക്കു ഈ കോളണികളിൽ പാർക്കുന്ന



ഇന്ത്യക്കാരായ പാരച്ച്യൂട്ട് ഭടന്മാർ വിമാനത്തിലേറുന്നതിന്നു തയ്യാറാവുന്നു

ഓരോ കൃഷിക്കാരൻേറയും ആവശ്യത്തിന്നായി എന്തു ചെലവാക്കേണ്ടിവരുമെന്ന് നോക്കുക.

ആദ്യമായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന 22 കോളണികളിൽ 3,000 ത്തിലധികം പട്ടാളക്കാർക്കും അവരുടെ കുടുംബങ്ങൾക്കും താമസിക്കാൻ സാദ്ധ്യമല്ല. മദിരാശിയിൽനിന്നു പോയ പട്ടാളക്കാരുടെ സംഖ്യ $3\frac{1}{2}$ ലക്ഷമാണെന്താനും. ഓരോ ഭടന്നുമായി വളരെ ചുരുക്കിക്കൂട്ടിയാൽ തന്നെ 2,600 ഉറുപ്പികയോളം പ്രാരംഭച്ചിലവു വരുമെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. ഇതു മദ്രാസി ഭടൻ അർഹിക്കുന്നതിൽ കവിഞ്ഞ ഒന്നല്ല തന്നെ.

നാം ഇപ്പോൾ ഓരോ ഭടന്നുമായി എന്തു ചിലവാക്കണമെന്നു കണക്കു കൂട്ടി. ഈ ചെലവിലേക്കു പട്ടാളക്കാർ തന്നെ പണം കൊടുത്തിട്ടുണ്ടെന്നു മുമ്പുതന്നെ പ്രസ്താവിച്ചുവല്ലോ. എന്നാൽ, ആയാളിൽനിന്നു സഹകരണരീതിയിൽ, എന്താണ് ലഭിക്കുവാൻ പോവുന്നതു്? ഈ പദ്ധതികളെല്ലാം തന്നെ സഹകരണ സമ്പ്രദായത്തിലായിരിക്കണമെന്നു ഗവൎമ്മേണ്ട് ഉദ്ദേശിക്കുന്നു. ഇതിൻെറ ആവശ്യവും അർത്ഥവും എന്താണെന്നു ആരാഞ്ഞുനോക്കുക. യുദ്ധം കഴിഞ്ഞു പട്ടാളക്കാർ മടങ്ങിവരുമ്പോൾ ജില്ലാകലക്ടരുടെയും, സോർജിയേഴ്സ് ബോർഡുകളിലും, അവരുടെ പട്ടാളജീവിതം, അവർ ചെയ്തുവന്നിരുന്ന തൊഴിൽ ഇവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവെച്ചിട്ടുണ്ടായിരിക്കും. ഇങ്ങിനെ വിഭജിച്ചു നോക്കുന്നതു വളരെ ആവശ്യമാണ്. കാർഷിക കോളണികളിൽ, മോട്ടോർ ഓടിക്കാനും, റോഡു നിർമ്മിക്കാനും, പണിയായുധങ്ങളുണ്ടാക്കുവാനും മററും പരിചയിച്ചവർക്കെന്താണു ചെയ്യാൻ കഴിയുക? അതേ മാതിരി, യാന്ത്രികതൊഴിലിൽ ആസക്തി കുറഞ്ഞവരെ തൊഴിൽശാലയിലേക്കയച്ചിട്ടും കാര്യമില്ല. അതിനാൽ, പട്ടാളക്കാർ ജില്ലാകേന്ദ്രങ്ങളിൽ വന്നു റിപ്പോർട്ട് ചെയ്യുമ്പോൾ, അവരെ സംബന്ധിച്ച വിവരങ്ങളൊക്കെയും അവിടെ ഉണ്ടായിരിക്കും. ഈ പദ്ധതികളെക്കുറിച്ചു അവൎക്ക് വിവരിച്ചുകൊടുക്കപ്പെടും; സൌകര്യപ്രദമായ കോളണിയിലേക്കൊ, തൊഴിൽശാലയിലേക്കൊ അവരെ പറഞ്ഞയക്കുകയും ചെയ്യും.

## കോപ്പറേറ്റീവ് രൂപീകരിക്കുന്നതെങ്ങിനെ?

ആദ്യമായി നമുക്കു കൃഷിപ്രവൃത്തിയിൽ ഏർപ്പെടുന്നവരെപ്പററി ആലോചിക്കുക. ആയാൾ ലാണ്ട്കോളനൈസേഷൻ കോപ്പറേററീവ് സൊസൈററിയിലെ ഒരു അംഗമായിച്ചേരണം; അതിന്നുള്ള ഒരു നിശ്ചിതതുകയും കൊടുക്കണം. അംഗമായിച്ചേരുന്നതിന്നു മുമ്പുതന്നെ ഈ സൊസൈററിയുടെ ചട്ടതിട്ടങ്ങളെല്ലാം ആയാൾക്കു വിവരിച്ചുകൊടുക്കപ്പെടും. ഓരോ ഓഹരിയും എത്രയായിരിക്കുമെന്നു ഇപ്പോൾ തിട്ടപ്പെടുത്തിയിട്ടില്ല. പൊതുവെ 10 ക. വേണ്ടിവരുമെന്നു ഗണിക്കപ്പെട്ടുവരുന്നു. പട്ടാളത്തിൽ ചേർന്നതിന്നുശേഷം, ധാരാളം സമ്പാദിച്ചുവരുന്ന ഭടന്മാർക്കു ഇതിലധികം കഴിവുണ്ടെന്നും ചിലൎക്കു അഭിപ്രായമുണ്ടു. ചില അധികൃതന്മാരുടെ അഭിപ്രായത്തിൽ ഓഹരി 200 ക. യാവാമെന്നാണ്. വേറൊരു കൂട്ടർ അഭിപ്രായപ്പെടുന്നു ഓഹരി ഓരോന്നിന്നും 50 ക. വില നിർണ്ണയിക്കുകയും ഇഷ്ടമുള്ളവൎക്കു ഒന്നിലധികം വാങ്ങുന്നതിന്നുള്ള സൌകര്യവും കൊടുക്കുകയാണ് ഏററവും നല്ല മാർഗ്ഗമെന്ന്. അപ്പോൾ ഓരോ ആളും ആയാളുടെ സംഘത്തിലെ—ലാണ്ട് കൊളനൈസേഷൻ സൊസൈററിയിലെ—ഒരംഗമായിരിക്കും. ആയാളുടെ പണത്തിന്നു നല്ല വരവുണ്ടാകുന്നതിന്നുവേണ്ടി ആയാൾ പ്രയാസപ്പെട്ടു അദ്ധ്വാനിക്കുകയും ചെയ്യും. ഈ സൊസൈററിക്കു വേണ്ടത്ര ഓഹരി മൂലധനം ഇങ്ങിനെ ഉണ്ടാക്കാം. ഈ സംഘം ഇങ്ങിനെ സ്ഥാപിതമായാൽ, നിങ്ങൾക്കു ഓർമ്മയുണ്ടല്ലോ ഗവൎമ്മേണ്ട് $3\frac{1}{2}$ ലക്ഷമൊ 5 ലക്ഷമൊ ഉറുപ്പിക ചെലവഴിക്കുന്നതു മാണെന്ന്. കെട്ടിടങ്ങൾക്കും, ഭൂമിക്കും വില സൊസൈററിയിൽനിന്നു ഈടാക്കപ്പെടുന്നതല്ല. കേടു തീർക്കുന്നതിന്നും, നന്നാക്കുന്നതിന്നും മററുമായി ഈടാക്കുന്ന വാടക കൂടുതലായി വാങ്ങിക്കുകയുമില്ല.

ഈ പദ്ധതികൾ പട്ടാളക്കാർക്കെല്ലാത്തവൎക്കു തീരെ ബാധകമല്ല. കഴിയുന്നത്രയും ഈ ഫണ്ടു് പട്ടാളത്തിൽനിന്നുവരുന്നവൎക്കു മാത്രമായി ചെലവഴിക്കണമെന്നു ഗവൎമ്മേണ്ടിന്നു ശാഠ്യമുണ്ടു്. മററുള്ളവരെ കൂട്ടുപിടിക്കുന്നതിന്നുള്ള ആവശ്യമേ വരുന്നില്ല. കാരണം ധാരാളം ഓഹരി വാങ്ങുന്നതിന്നു വേണ്ടത്ര പട്ടാളക്കാർ തന്നെ ഉണ്ടായിരിക്കും. യുദ്ധം അവസാനിക്കുന്നതിന്നു ഇനിയും ഏതാണ്ടു രണ്ടു വൎഷത്തോളം വേണ്ടിവരും. അങ്ങിനെയാവുമ്പോൾ ഇനിയും കോളണികൾക്കുള്ള പദ്ധതികൾ വികസിപ്പിക്കേണ്ടതായിവരും

## ചെറുകഥ

# പങ്കുവമ്മാമന്റെ പാരമ്പര്യം

നിങ്ങൾ പലപ്പോഴും കണ്ടിട്ടുണ്ടാവും ആ കൊച്ചു ഗൃഹം. ഒരു നായിടിപ്പാടകലമേയുള്ളു റയിൽപ്പാതയിൽനിന്ന്, പട്ടാമ്പിസ്റ്റേഷന്റെ കുറച്ചു പടിഞ്ഞാറായിട്ട്, ആ പാടത്തുവക്കുള്ള ആ ചെറു വീട്ടിലേക്ക്. വണ്ടിയിൽനിന്നു കാണുന്നവർക്കു ആ വീട്ടു വളരെ ചെറുതായിട്ടേ തോന്നുകയുള്ളു—ഏറിയാൽ ഒരു വഞ്ചിപ്പുരയോളം വലുപ്പം. പക്ഷെ അവിടെയാണു കാളിയമ്മയും അവരുടെ അനവധി തല മുറകളും കഴിഞ്ഞു വന്നിട്ടുള്ളതു്. പള്ളിയാലിൽത്തറവാട്ടു പേരുകേട്ടതാണു്. പണ്ടു പണ്ടേ പട്ടാമ്പി പ്രദേശത്തിൽ പേരും പെരുമയും നേടിയവരാണു് പള്ളിയാലിലെ നായന്മാർ. കവളപ്പാറ നായർ പണ്ടേതോ പള്ളിയാലിലെ പങ്കുനായർക്കു കൊടുത്ത ഒരു വാളിന്റെ മുറിഞ്ഞ ഒരു കഷ്ണം ഇപ്പോഴും പട്ടിൽപ്പൊതിഞ്ഞു കാളിയമ്മ പെട്ടിയിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ടു്. അതിന്നു ഒരരിവാൾത്തലപ്പിനോളം വലുപ്പമേയുള്ളു. പക്ഷെ പഴയ പ്രതാപത്തിന്റെ ഒരു സ്മാരകം, കാരണവന്മാരുടെ രണശൂരതയുടെ ഒരു ചിഹ്നം, അതു കാളിയമ്മയെ സംബന്ധിച്ചേടത്തോളം കനകക്കട്ടയാണു്.

നട്ടകുനിഞ്ഞു നരച്ചു വൃദ്ധയായ ആ സ്ത്രീയെ കാണുമ്പോൾ നിങ്ങൾക്കു ഒന്നും തോന്നുകയില്ല. ഒരു സാധാരണ കിഴവി—പലരും അങ്ങിനെ വിചാരിക്കും. ഒരു പിഞ്ഞിയ തോർത്തുമുണ്ടും തോളിലിട്ടു, ഒരു കെട്ടു താളിയും ചുമന്നു. കുനിഞ്ഞു, വടികുത്തി പുഴയിലേക്കു കുളിയ്ക്കാൻ ദിവസവും രാവിലെ പോകാറുള്ള കാളിയമ്മയെ തെണ്ടിച്ചെക്കന്മാരും കാലിപ്പിള്ളരും "നരച്ചിയമ്മേ" എന്നു പരിഹസിക്കാറുണ്ടു്. ഈ സമയത്താണു പള്ളിയാലിൽ തറവാട്ടിന്റെ പാരമ്പര്യമായ രണശൂരത കാളിയമ്മയിലും പ്രത്യക്ഷമാവുന്നതു്. എടുത്താൽ പൊങ്ങാത്ത മണ്ണിൻകട്ടകളെടുത്തു ആ തൊണ്ണൂറു തികഞ്ഞ കിഴവി എറിഞ്ഞു പിള്ളരെ പായിക്കുന്നതു കണ്ടാൽ വാസ്തവത്തിൽ നമ്മൾ അതിശയിക്കും. പങ്കു നായരുടെ പെണ്ണുങ്ങൾക്കു ഉശിരില്ലാഞ്ഞാലോ! ഈ യുദ്ധം കഴിഞ്ഞുവന്നാൽ, അപ്പോൾ തന്നെ കാളിയമ്മ പെട്ടി തുറന്നു വാൾത്തലപ്പു തൊട്ടു തലയിൽ വെക്കും. കാരണവന്മാരുടെ അനുഗ്രഹവും കവളപ്പാറ നായരുടെ വാൾത്തലപ്പുമല്ലേ ഈ വിജയത്തിന്നൊക്കെ തുണച്ചതു്!

കാളിയമ്മയുടെ ജീവിതം ഒരു ഏതാണ്ടു് നൂററാണ്ടിന്റെ ചരിത്രമാണു്, എന്നുവെച്ചാൽ തൊണ്ണൂറു വയസ്സായി അവർക്കു. പലപല കഷ്ടതകളോടു് മല്ലിട്ട ഒരു ജീവിതം—ഇക്കാലത്തിന്നുള്ളിൽ എന്തൊക്കെ മാററങ്ങളാണു് ലോകത്തിൽ വന്നിട്ടുള്ളതു്! കാളിയമ്മക്കും, അവരുടെ വീട്ടിന്റെ മുററത്തു നില്ക്കുന്ന തന്തപ്പുലാവിന്നും ഒരേ പ്രായമാണു്. കാളിയമ്മയുടെ തല നരച്ചപോലെത്തന്നെ ആ തന്തപ്പുലാവിന്റെ ഇലകളും പഴുത്തിരിക്കുന്നു; അവരുടെ ദേഹത്തിൽ ചൊളി കയറിയിരിക്കുന്നു; പുലാവിന്റെ തൊലിയൊക്കെ അടർന്നു വീഴാൻ തുടങ്ങിയിരിക്കുന്നു. ആ വൃക്ഷത്തിന്റെ ആദ്യത്തെ ശാഖ 1,100 ലെ കൊടുങ്കാററിലും വെള്ളപ്പൊക്കത്തിലും മുറിഞ്ഞു വീണുപോയി. കാളിയമ്മയുടെ മൂത്ത മകൻ രാമൻ നായർ 1914 ൽ തുടങ്ങിയ മഹായുദ്ധത്തിൽ മരിച്ചു. ഇങ്ങനെ ആ തന്തപ്പുലാവിന്റേയും ഈ വൃദ്ധയുടേയും ജീവിതങ്ങൾക്കു തമ്മിൽ വളരെ സാമ്യമുണ്ടു്. പക്ഷെ ചില വ്യത്യാസങ്ങളും ഇല്ലെന്നില്ല.

കാളിയമ്മയുടെ അവസാനത്തെ സന്താനം പിറന്നിട്ടു ഇപ്പോൾ 53 വർഷമായിക്കാണും. എന്നാൽ തന്തപുലാവു കായ്മാറിയിട്ടു് 17 കൊല്ലമേ ആയിട്ടുള്ളു. എങ്ങിനെയായാലും, ആ രണ്ടു ജീവിതങ്ങളും വളരെയധികം പഴക്കം ചെന്നതാണു്. പത്തൊമ്പതാം നൂററാണ്ടിന്റെ പാതിയും ഇരുപതാം നൂററാണ്ടിന്റെ പാതിയും കൂട്ടിച്ചേർത്തു നിർമ്മിച്ച രണ്ടുസവിശേഷ ജീവിതങ്ങൾ!

തന്റെ മക്കൾ പട്ടാളത്തിൽ ചേരുന്നതു കാളിയമ്മക്കു എപ്പോഴും ആനന്ദം നൽകുന്ന ഒരു സംഗതിയാണു്. പങ്കുവമ്മാമന്റെ പാരമ്പര്യം നിലനിർത്താൻ എന്നും ചിലർ വേണമെന്നാണു് അവരുടെ മോഹം. അവർക്കു ഭൂസ്വത്തില്ല; ഇരിക്കുന്ന പുരനില്ക്കുന്ന പറമ്പു കൂടി ഇല്ലത്തെ ജന്മമാണു്. കൃഷിസ്ഥലങ്ങളുടെ നടുവിൽ കൃഷിയുമായി യാതൊരു ബന്ധവുമില്ലാതെ ജീവിക്കുന്ന ഒരു കുടുംബം! കാളിയമ്മക്കു മാസംതോറും ഗവർമ്മേണ്ടിൽ നിന്നു 8 ഉറുപ്പിക ലഭിച്ചു വരുന്നുണ്ടു്.



പുഞ്ചിരിതൂകുന്ന തെന്നിന്ത്യൻ കപ്പൽപടയാളികൾ. രണ്ടാമത്തെ വരിയിൽ ആദ്യമായ് കാണുന്ന ആൾ തൃശ്ശൂർക്കാരനായ ടെലിഗ്രാഫിസ്റ്റ് ടി. രാമൻ മേനോൻ ആണ്.



ഇടത്തുനിന്നു വലത്തോട്ട്:

(1) പ്രസിഡെണ്ട് റൂസ്‌വെൽട്ട്.

(2) ജനറൽ മക്‌ആർതർ.

(3) അഡ്‌മിറൽ നിമിററ്സ്.

1916 മുതൽ അതു കിട്ടിവരുന്നു. "ഗവമ്മേണ്ടിന്റെ പണം തിന്നാൻ തള്ളയ്ക്കു ഭാഗ്യം വളരെയുണ്ട്." അസൂയാലുക്കളായ ചില അയൽവാസികൾ കാളിയമ്മ മണിയോഡർ ഫോറത്തിൽ ഒപ്പിട്ടു പണം വാങ്ങുമ്പോൾ പറയും: "എന്റെ കുട്ടിയുടെ ചോരയുടെ വിലയാണിതു്. അവൻ, . . ." കാളിയമ്മയും മറുപടി പറയും. പക്ഷെ ഈ വാക്കുകൾ മുഴമിക്കുന്നതിന്നു അവൾക്കു സാധിക്കുകയില്ല. അപ്പോഴേക്കും അവരുടെ തൊണ്ടയിടറും; കണ്ണിൽ വെള്ളം നിറയും. തപാൽ ശിപായി മൂസക്കുട്ടിയും കരയും! എല്ലാ തപാൽ ശിപായിമാൎക്കും കാളിയമ്മയോടു വളരെ ഇഷ്ടമാണു്. മാസംതോറും നാലണ അവൾക്കു കിട്ടും. മണിയോഡർ ഫോറത്തിൽ ഒപ്പിടാൻ പഠിച്ചതു കാളിയമ്മ 72-ാമത്തെ വയസ്സിലാണു്. എന്നും വിരലൊപ്പു വെക്കുന്നതു നല്ലതല്ലെന്നു അവൾക്കു തോന്നി. ഒരിയ്ക്കൽ തപാൽ ശിപായി അവരുടെ തള്ളവിരൽ ഒപ്പു വെക്കുമ്പോൾ വല്ലാതെയൊന്നമൎത്തി, പാവത്തിന്നു വേദനയായി. അതിന്നുശേഷം അവർ ആ വേദനയനുഭവിക്കാൻ ഇടയാക്കിയില്ല. വിറക്കുന്ന കയ്യോടെ "പള്ളിയാലിൽ കാളിയമ്മ" എന്നൊപ്പിട്ടുകൊടുക്കും. എന്നിട്ടു ശിപായിയുടെ മുഖത്തു പരീക്ഷ പാസ്സായ ഒരു വിദ്യാൎത്ഥിക്കുണ്ടാവുന്ന ചാരിതാൎത്ഥ്യത്തോടെ നോക്കുകയും ചെയ്യും!

ഇപ്പോൾ കാളിയമ്മക്കു വളരെ സുഖമാണു്. അവരുടെ മകളുടെ മകൻ പട്ടാളത്തിലുണ്ടു്. ആയാൾ പണമയക്കും. ഇരുപത്തിയഞ്ചു ഉറുപ്പിക. അങ്ങിനെ ആകപ്പാടെ കാളിയമ്മയുടെ മാസസമ്പാദ്യം 33 ഉറുപ്പികയാണു്. "സ്റ്റേഷൻ മാസ്റ്ററുടെ ശമ്പളമുണ്ടു് തള്ളയ്ക്കു" അയൽ വീട്ടിലെ പാറുവിന്റെസംബന്ധക്കാരനായ വിക്കൻ നായർ കൂടക്കൂടെ പറയും: "ഹൃ" കാളിയമ്മ മൊകത്തു് ഒരാട്ടു കൊടുക്കും. എന്തു! പങ്കു നായരുടെ പെങ്ങൾ, അവമാനം സഹിക്കുകയോ? കവളപ്പാറ നായർ സമ്മാനിച്ച വാൾത്തലപ്പുണ്ടു് കാളിയമ്മയുടെ പെട്ടിയിൽ! പാവം! ആ വിക്കൻ നായരെന്തറിഞ്ഞു?

എന്തോ, ആ വൃദ്ധയോടു പലൎക്കും വളരെ അസൂയയാണു്. അവരൊക്കെ ആ കിഴവിയെ കളിയാക്കാൻ ശ്രമിക്കും. കൊച്ചുപിള്ളർ അറിയാഞ്ഞിട്ടാണു് ഇങ്ങിനെ ചെയ്യുന്നതെന്നു വിചാരിക്കാം. പക്ഷെ ശാന്തിക്കാരൻ കൃഷ്ണനെമ്പ്രാന്തിരിയുടെ ഭാൎയ്യ മാധവി അമ്മ എന്തിനാണു് കുററം പറയുന്നതു്? "പള്ളിയാല്ലെ ക്രൂരിയാററയ്ക്കു പണം വന്നു! വയസ്സുകാലത്തു തള്ളയ്ക്കെന്തിനാ പണം? അറുത്തകയ്യിന്നു ഉപ്പു തേക്കുകയില്ല, അശ്രീകരം." ആയമ്മ അമ്പലക്കുളത്തിൽനിന്നു ആഴ്ചയിൽ നാലു പ്രാവശ്യം ഇങ്ങിനെ ഉക്ഷിച്ചു പറയും. കാളിയമ്മ കേട്ടാൽ തല്ലാൻ ചെല്ലും. അമ്പലക്കുളക്കര അങ്ങിനെ പലപ്പോഴും പോൎക്കളമായി പരിണമിക്കാറുണ്ടു്. "എടീ പങ്കുനായരുടെ പെങ്ങാളാ ഞാൻ ന്നു് നിയ്യ് മറന്നോ ചേട്ടേ?" കാളിയമ്മ വീരവാദം ചെയ്യും. വലിയ ശണ്ഠ! ദേവനു പൂജിക്കുന്ന കൃഷ്ണനെമ്പ്രാന്തിരി ഓടിക്കിതച്ചുവരും; സമാധാനപ്പെടുത്തും. ചിലപ്പോൾ "നിയ്യൊരു ഇട്‌ലറാ?" എന്നും ചോദിച്ചു മാധവിയമ്മയെ നാലു പ്രഹരിക്കും. അന്നു രാത്രി ആയാൾ മാധവിയമ്മയോടു പറയും: "കിളഭി പണ തരാറണ്ടു് എനിക്ക്. ലഹള പാടണ്ട." ശരിയാണു്, കാളിയമ്മ എല്ലാ മുപ്പട്ടു വെള്ളിയാഴ്ചയും ക്ഷേത്രത്തിൽ ഗണപതിഹോമം നടത്താറുണ്ടു്; ആഴ്ചയിലൊരിക്കൽ "നിറമാല" കഴിക്കാറുണ്ടു്; ചൊവാഴ്ചയും വെള്ളിയാഴ്ചയും നൈവേദ്യം വെപ്പിക്കാറുണ്ടു്; ചുരുക്കിപ്പറഞ്ഞാൽ, മാസം തോറും കൃഷ്ണനെമ്പ്രാന്തിരി ෫ ക. യുടെ വക കാളിയമ്മയുടെ കയ്യിൽ നിന്നു സമ്പാദിക്കും. അതുകൊണ്ടു കഴിഞ്ഞു കൂടുന്ന ഈ മാധവി, തന്നെ പരിഹസിക്കുന്നതു കേൾക്കുമ്പോഴാണു് പങ്കു നായരുടെ ഉടപ്പിറന്നവൾക്കു കലികയറുന്നതു്! അല്ല, നിങ്ങൾക്കാണെങ്കിലും ദേഷ്യം പിടിക്കയില്ലെ?

എന്തൊരു ഉത്സാഹമായ വേദനയാണിതു്? അവൾക്കു പണം കിട്ടുന്നെങ്കിൽ, അത



സുബേദാർ നേത്ര ബഹദൂർ താപ. ഭാരതം ജീവിയ്ക്കുന്നതിന്നു വേണ്ടി ഇദ്ദേഹം ജീവത്യാഗം ചെയ്തു.

ണം അവരുടെ മക്കൾ പട്ടാളത്തിൽ ചേർന്നു പോരാടിയിട്ടല്ലെ? പക്ഷെ നാട്ടുകാരുടെ കുനിഷ്ടിന്നും കശിമ്പിന്നുമുണ്ടോ അതിർ!

അന്നൊരു ദിവസം പതിവുപോലെ കുളിക്കാൻ പോകയായിരുന്നു. വേനല്ക്കാലമാണ്. വേനല്ക്കാലത്തു കുളത്തിലെ വെള്ളം ചീത്തയായതിനാൽ, ആ വൃദ്ധ പുഴയിലേ കുളിയ്ക്കുകയുള്ളു. പോവുമ്പോൾ രണ്ടു പിള്ളർ പിന്നാലെ കൂടി. അവർ കടംകഥ പറയുകയായിരുന്നു!

"ഒരമ്മ പെററ മക്കളൊക്കെ പിറച്ചു പിറഷിട്ട്. എന്താ അർത്ഥം?"

"അരയാൽ." മറേറവൻ പറഞ്ഞു.

"അപ്പോ നിയ്യിത് പറേ. ഒരു തള്ളടെ മക്കളൊക്കെ തോക്കെടുത്തിട്ടു" മുമ്പു ഉത്തരം പറഞ്ഞവൻ ചോദിച്ചു.

"ഞാൻ പറേല്ല്യ, തൊട്ടു കാണിച്ചു തരാം." മറേറവൻ പറഞ്ഞു.

"നെണക്കു നിശ്ചയല്ല്യെങ്കി അതു പറഞ്ഞോ."

"ന്നാ പറയാം. കാള്യേമടെ മക്കള്."

ആ വൃദ്ധ തിരിഞ്ഞു നിന്നു. ചെക്കന്മാരെയൊക്കെ ചീത്ത പറഞ്ഞു. "രാമുണ്ണി വരട്ടെ. നിങ്ങൾക്കു കാണിച്ചു തരാം. പെറുക്കിപ്പിള്ളരേ" അവർ അട്ടഹസിച്ചു.

ഈ ശണ്ഠ കഴിഞ്ഞു അവർ പുറപ്പെട്ടേയുള്ളു. അപ്പോഴേക്കും പാടത്തു കട്ടയുടക്കുന്ന പാത്തുമ്മയും, കോച്ചിയും വടക്കൻ പാട്ടുപാടാൻ തുടങ്ങി:—

"നേരിട്ടു വെട്ടി മരിച്ചതെങ്കിൽ
വിട്ടേയ്ക്കുതന്നൊരു കാര്യമാണ്.
പള്ള്യാലേ കാള്യേമേ കണ്ടതില്ലേ?
എട്ടുറുപ്യ മാസത്തിൽ കിട്ടുന്നുണ്ടേ!"

അവരുമായിട്ടു വേണ്ട കശപിശ. ഇങ്ങിനെ ഈ വയസ്സുകാലത്തും പള്ളിയാലിൽ തറവാട്ടിന്റെ പാരമ്പര്യവും, പങ്കുമ്മാന്റെ ധീരതയും കാളിയമ്മ നിലനിർത്തിപ്പോന്നു.

അങ്ങിനെ കുറച്ചു നാൾ കഴിഞ്ഞു. കാളിയമ്മയുടെ മനോഭാവം ആകപ്പാടെയൊന്നു മാറി. അവർ തികച്ചും ശാന്തമായി കാണപ്പെട്ടു. അവക്കു കുറച്ചു ദിവസമായി കുട്ടിയുടെ വർത്തമാനമൊന്നുമില്ല. കത്തു കിട്ടീട്ടു മൂന്നു മാസമായി. അന്ന് ആ കിഴവി എല്ലാ പിള്ളർക്കും ഒരു സദ്യ കഴിച്ചു; ഓരോ മുണ്ടു കൊടുത്തു. കൊടുങ്ങല്ലൂർ ഭഗവതിക്കു ഒരു കോഴിയെ വഴിപാടുനേർന്നു. അമ്പലത്തിൽ താലപ്പൊലി കഴിക്കാൻ തീരുമാനിച്ചു. കൃഷ്ണനെമ്പ്രാന്തിരിക്കു ശുക്രദശ തന്നെ! മകന്റെ വർത്തമാനം കിട്ടാനാണ് ഇതൊക്കെ. അന്നു രാത്രി അവക്കൊരു കമ്പി കിട്ടി. കമ്പിശിപായിയെ കണ്ടപ്പോഴേക്കും ആയമ്മയ്ക്കു ബോധക്കേടുണ്ടായി. പക്ഷെ ശിപായി വായിച്ചു: "എനിക്കു വളരെ സുഖമാണ്. എന്നു രാമുണ്ണി" അവക്കു സന്തോഷം കൊണ്ടു കരച്ചൽ വന്നു. കണ്ണുനീരൊതുക്കിയിട്ടും ഒതുങ്ങുന്നില്ല. അവർ കണ്ണീർത്തുള്ളികൾ മുണ്ടിൻതലകൊണ്ടു തുടച്ചു. ആ കിഴവിക്കു ലജ്ജയായി. പങ്കുമ്മാന്റെ പെങ്ങൾ കരയുകയോ? ശിപായിക്കു ഒരുറുപ്പിക കൊടുത്തു. പോട്ടെപോ! മകന്റെ വർത്തമാനം അറിഞ്ഞില്ലെ?

പക്ഷെ പിറേറ ദിവസം സ്കൂൾമാസ്റ്റർ ഗോവിന്ദൻകുട്ടിനായർ വന്നപ്പോഴെ വാസ്തവം മനസ്സിലായുള്ളു. "മകനെപ്പററി യാതൊരു വിവരവുമില്ല. അന്വേഷണങ്ങൾ നടത്തുന്നുണ്ട്" എന്നായിരുന്നു കമ്പി. കമ്പിശിപായിക്കു ഇംഗ്ലീഷ് അറിഞ്ഞുകൂടായിരുന്നു. വൃദ്ധയെ സന്തോഷിപ്പിക്കാൻ വേണ്ടി ആയാൾ വെറുതെ പൊട്ടിച്ച പൊളിയായിരുന്നു അതു. പണം തട്ടിക്കാനുള്ള ആയിരം സൂത്രങ്ങളിലൊന്ന്. കാളിയമ്മയ്ക്കു ബോധക്ഷയം വന്നു.

ഉള്ളുകൊണ്ടു എല്ലാവരും ഈ കിഴവിയെ സ്നേഹിച്ചിരുന്നു. അയൽവക്കത്തുകാരൊക്കെ വന്നെത്തി. പാവം! കിഴവിക്കു ഒരാധാരം, വയസ്സുകാലത്തെ ഒരു ഊന്നുവടി രാമുണ്ണിനായർ മാത്രമാണ്. എത്രയോ വർഷങ്ങൾക്കു മുമ്പു മകൾ കുഞ്ഞിലക്ഷ്മിയമ്മ മരിച്ചുപോയി. അതിന്നുശേഷം ഓമനിച്ചു വളർത്തിയ കുഞ്ഞാണു രാമുണ്ണി.

(തുടരും)

# അവർ മദ്രാസിന്റെ അഭിമാനസ്തംഭങ്ങളാണ്

ബർമ്മയുദ്ധരംഗത്തിൽ പ്രദർശിപ്പിച്ച വമ്പിച്ച വീര്യത്തിന്നും ധൈര്യത്തിന്നുമായി ബഹുമതികൾ നേടിയ മദ്രാസ് സംസ്ഥാനത്തിന്റെ ആ അഞ്ചു പുത്രന്മാർക്കും ഞങ്ങൾ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ നൽകുന്നു.

## മിലിട്ടറിക്രോസ് നേടിയവർ

കോഴിക്കോട്ടുകാരനായ ക്യാപ്ടൻ സുബ്രഹ്മണ്യം ഗോപാലകൃഷ്ണൻ, ഐ.എ.എം.സി. കോക്കനാഡ സ്വദേശിയായ ലഫ്ററിനൻറ (ആക്ടിങ്ങ് ക്യാപ്ടൻ) ചെഡലവണ്ട ശേഷഗിരി റാവു, ഐ എ. എം.സി.

## മിലിട്ടറി മെഡലിന്നു അർഹരായവർ

മധുര ജില്ലയിലെ ആത്തൂക്കാരനായ ഹവിൽദാർ (ആക്ടിങ്ങ് സി.എച്ച്.എം.) ഭാഗ്യനാഥൻ.

വടക്കെ മലബാറിൽ വടകരക്കാരനായ ഹവിൽദാർ കണ്ണൻ നായർ.

മദ്രാസിലെ പുതുപ്പേട്ടക്കാരനായ ലാൻസ്നായക് സെൻഗണി.

ഒരു ഇന്ത്യൻസൈന്യ നിരീക്ഷകൻ എഴുതുന്നു: മദിരാശിക്കാർ ബർമ്മ യുദ്ധരംഗത്തിന്റെ മുന്നണിയിലും, പിന്നണിയിലും, എങ്ങും സൈന്യസംബന്ധമായ സകല ജോലികളും ചെയ്യുന്നതിൽ വളരെ സമർത്ഥന്മാരാണെന്നു തെളിയിച്ചിട്ടുണ്ട്. സമരമുന്നണിയിൽ അവർ ചെയ്ത ധീരകൃത്യങ്ങളുടേയും സേവനങ്ങളുടേയും അടയാളങ്ങളാണ് ഈ ബഹുമതികൾ.

ഉദാഹരണമായി, ഇക്കൂട്ടത്തിൽ ഒരാളെ ക്യാപ്ടൻ എസ്. ഗോപാലകൃഷ്ണനെ എടുത്തുനോക്കുക. ഈ ചെറുപ്പക്കാരനായ മദ്രാസി ഡോക്ടർ മുറിവേററവരെ ചികിത്സിക്കുന്നതിൽ കാണിച്ച ശുഷ്കാന്തിയും ധീരതയും പ്രശംസനീയമത്രേ. അഞ്ചാമത്തെ റോയൽ ഗൂർക്ക റൈഫിൾ വിഭാഗത്തിൽ ചേർന്ന ഒരു മെഡിക്കൽ ഓഫീസറാണ് ഇദ്ദേഹം. കഴിഞ്ഞ മാർച്ച് ഒന്നാം തിയ്യതി ടിഡിം റോഡിൽവെച്ചു ഈ വിഭാഗം ഭയങ്കരമായ ശത്രുവിന്റെ വെടിവെപ്പിന്നു വിധേയമായ അവസരത്തിൽ, ക്യാപ്ടൻ ഗോപാലകൃഷ്ണൻ ഏററവും വിപരീതവും വിഷമം പിടിച്ചതുമായ പരിതസ്ഥിതികൾക്കിടയിൽ, നാലരദിവസത്തോളം രാവും പകലും വിശ്രമമില്ലാതെ രോഗികളെ ശുശ്രൂഷിച്ചു. പലപ്പോഴും അദ്ദേഹത്തിന്റെ വാർഡിന്റെ നേർക്കു ശത്രുക്കൾ വെടിവെച്ചിരുന്നു. ശത്രു ചെയ്ത മാർഗ്ഗനിരോധം നിമിത്തം കഠിനമായി മുറിവേൽക്കപ്പെട്ടവരെ ഒഴിച്ചുകൊണ്ടുപോവുന്നതിന്നു സാദ്ധ്യമായില്ല. നാലാം ദിവസം ആകാശമാർഗ്ഗമായി വെള്ളം കിട്ടുന്നതുവരെ വെള്ളത്തിന്നുകൂടി ക്ഷാമമായിരുന്നു. ഈ ഡോക്ടരുടെ പരിശ്രമഫലമായിട്ടാണ് അനവധി ഭടന്മാർ അന്നു ജീവിക്കാൻ ഇടവന്നത്. അദ്ദേഹത്തെ ഗൂർക്കപ്പടയാളികൾക്കു വലിയ സ്നേഹമാണ്. "അവർ വളരെ ശാന്തന്മാരാണ്, ഏററവും ഗൌരമായ മുറിവുകൾ പററിയാലുംകൂടി അവർ കരയുകയില്ല." ഗൂർക്കപ്പടയാളികളെപ്പററി ഈ മദ്രാസി ഡോക്ടർക്കുള്ള അഭിപ്രായവും ഇതാണ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLIHSED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.